# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2020 മെയ് വോള്യം: 8 ലക്കം:9

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള

സിഐടിയു മെയ് ദിന മാനിഫെസ്റ്റോ 2020 05



WFTU മെയ്ദിന സന്ദേശവും അടിയന്തര കടമകളും 08



കേന്ദ്ര ടിയു സംഘടനകളുടെ സംയുക്ത മെയ് ദിന പ്രഖ്യാപനം 10

തൊഴിലാളികൾക്കു നേരെയുള്ള യുദ്ധം — പ്രഭാത് പട്നായിക് 12

വിയർപ്പൂറ്റുശാലകളുടെ രാജ്യവും സ്വയം പര്യാപ്തതയും — ആർ ശ്രീനിവാസൻ 15

കൊറോണകളെ പറ്റി തന്നെ — എ.സിയാവുദ്ദീൻ 18



കങ്കാണിമാരുടെ കൈകളിലേക്ക് തൊഴിലാളികളെ എറിഞ്ഞുകൊടുക്കാനാവില്ല — Dr. തോമസ് ഐസക്ക് 23



കോവിഡ് 19 പാക്കേജിലൂടെ കുത്തക പ്രീണനം — ജോസ്. ടി. എബ്രഹാം 25

# തൊഴിലാളി വിരുദ്ധ നടപടികളെ ചെറുക്കുക

കോവിഡ് 19 വ്യാപനത്തെ തുടർന്ന് അസാധാരണമായ ഒരു സാഹചര്യത്തെയാണ് നാം നേരിടുന്നത്. മാർച്ച് 24 മുതൽ രാജ്യമാകെ ലോക്ഡൗൺ പ്രഖ്യാപിക്കപ്പെട്ടു. വ്യവസായ ശാലകളും, വ്യാപാര മേഖലയും, മറ്റെല്ലാ തൊഴിൽ മേഖലകളും സ്തംഭിച്ചു. കോടിക്കണക്കായ തൊഴിലാളികളുടെ തൊഴിലും വരുമാനവും നഷ്ടപ്പെട്ടു. അസംഘടിത പരമ്പരാഗത മേഖലാ തൊഴിലാളികൾ, സ്വയം തൊഴിൽ ചെയ്യുന്നവർ, അതിഥി തൊഴിലാളികൾ എന്നിവരാണ് വലിയ പ്രതിസന്ധിയിലായത്.

ലോക്ക് ഡൗൺ കാലത്ത്, അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് 7500 രൂപ വീതം നൽകണമെന്ന് സിഐടിയു കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടു. എല്ലാ പാവപ്പെട്ട കുടുംബങ്ങൾക്കും പ്രതിമാസം 35 കിലോ ഭക്ഷ്യധാന്യം സൗജന്യമായി നൽകാനും സിഐടിയു ആവശ്യപ്പെടുകയുണ്ടായി. സംഘടിത മേഖല ലോക്ഡൗൺ കാലത്ത് തൊഴിലാളികളെ പിരിച്ചുവിടുന്നത് തടയാനും, വേതനം മുടങ്ങാതെ നൽകാനും തൊഴിലുടമകൾക്ക് നിർദേശം നൽകണമെന്നായിരുന്നു സിഐടിയു കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടത്. എന്നാൽ തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന ഒരു നടപടിയും കേന്ദ്ര സർക്കാർ സ്വീകരിച്ചില്ല. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പാക്കേജുകളിലും തൊഴിലാളികൾക്ക് ആശ്വാസം ലഭിച്ചില്ല.

ഏകദേശം 14 കോടിയോളം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടു എന്നാണ് കണക്കാക്കുന്നത്. തൊഴിൽ നഷ്ടപ്പെട്ട് പട്ടിണിയിലായ കുടിയേറ്റ തൊഴിലാളികളെ സംരക്ഷിക്കാൻ ഒരു നടപടിയും കേന്ദ്ര സർക്കാർ സ്വീകരിച്ചില്ല. തൊഴിൽ കേന്ദ്രങ്ങളിൽ നിന്ന് സ്വന്തം നാടുകളിലേക്ക് പോകാൻ അവർക്ക് യാത്രാ സൗകര്യം സർക്കാർ ഒരുക്കിയില്ല. ആയിരക്കണക്കിന് തൊഴിലാളികൾ കുടുംബസമേതം നൂറ് കണക്കിന് കിലോമീറ്ററുകൾ നടന്ന് നീങ്ങുന്ന അതിദയനീയമായ ചിത്രങ്ങൾ ആരെയും വേദനിപ്പിക്കും. ട്രെയിൻ തട്ടിയും വാഹനാപകടങ്ങളിലുമായി നിരവധി പേർ മരണമടഞ്ഞു.

ലോക്ഡൗൺ കാലത്ത് ജനങ്ങളാകെ വീടുകളിൽ നിന്ന് പുറത്തിറങ്ങാനാവാതെ കഴിയുന്നതക്കം നോക്കി തൊഴിൽ നിയമങ്ങൾ സസ്പെൻറ് ചെയ്യാനും കുത്തകകൾ ആവശ്യപ്പെട്ട പ്രകാരമുള്ള ഭേദഗതികൾ വരുത്താനും ബിജെപി ഭരിക്കുന്ന സംസ്ഥാന സർക്കാരുകൾ തീരുമാനിച്ചത് ഞെട്ടിപ്പിക്കുന്നതാണ്. യുപി, മധ്യപ്രദേശ്, ഗുജറാത്ത്, ബീഹാർ, ഒഡീഷ, ത്രിപുര തുടങ്ങിയ സംസ്ഥാനങ്ങളെല്ലാം തൊഴിൽ നിയമങ്ങൾ ദുർബലപ്പെടുത്തി. കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബ്, രാജസ്ഥാൻ സംസ്ഥാന സർക്കാരുകളും ഇതേ നടപടി സ്വീകരിച്ചു. പാർലമെന്റിൽ വേജ്കോഡ് അവതരിപ്പിച്ചപ്പോൾ ബിജെപിയോടൊപ്പം കോൺഗ്രസും അനുകൂലിച്ചിരുന്നു എന്നോർക്കണം. തൊഴിലാളികളുടെ ഒരു ദിവസത്തെ ജോലി സമയം 12 മണിക്കൂറാക്കുന്നത് ഉൾപ്പെടെ കടുത്ത തൊഴിലാളി വിരുദ്ധ നടപടികളാണ് സ്വീകരിക്കപ്പെട്ടിരിക്കുന്നത്. ഇതിനെല്ലാം കേന്ദ്ര സർക്കാർ മൗനാനുവാദം നൽകി. തൊഴിലാളി വിരുദ്ധമായ ഒരു നടപടിയും സ്വീകരിക്കില്ലെന്ന് അസന്നിഗ്ധമായി പ്രഖ്യാപിച്ചത് കേരള സർക്കാർ മാത്രമാണ്.

കേന്ദ്രം പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജിന്റെ മറവിൽ സമ്പൂർണ സ്വകാര്യവൽക്കരണം നടപ്പാക്കാനുള്ള തീരുമാനവും പുറത്തുവന്നു. ബഹിരാകാശ ഗവേഷണം, വൈദ്യുതി, കൽക്കരി, മറ്റ് ധാതുവിഭവങ്ങൾ തുടങ്ങിയ മേഖലകളെല്ലാം കുത്തകകൾക്ക് തീറെഴുതി. എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് ഭേദഗതി ചെയ്ത് കരിഞ്ചന്തക്കും പൂഴ്ത്തിവെപ്പിനും വഴിതുറന്നു. കാർഷിക ഉൽപന്നങ്ങൾ യഥേഷ്ടം വാങ്ങി സംഭരിക്കാൻ കുത്തകകൾക്ക് അവസരം നൽകി രാജ്യത്തെ വിദേശ നാടൻ കുത്തകകൾക്ക് മോഡി സർക്കാർ പണയപ്പെടുത്തി.

ബിജെപി സർക്കാരിന്റെ ജനവിരുദ്ധ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ ശക്തമായ പോരാട്ടത്തിന് തൊഴിലാളികൾ സന്നദ്ധരാവണം. ലോക്ഡൗൺ അവസാനിച്ചാൽ പണിമുടക്ക് ഉൾപ്പെടെയുള്ള സമര മാർഗം കൈക്കൊള്ളേണ്ടി വരും. ഇന്ത്യൻ തൊഴിലാളികളെ ഒരു നൂറ്റാണ്ടിന് മുമ്പുള്ള അടിമസമാനമായ അവസ്ഥയിലേക്ക് തള്ളിവിടുന്ന നയത്തിനെതിരെ ജീവന്മരണ സമരത്തിന് തയാറാവാൻ എല്ലാ തൊഴിലാളികളോടും അഭ്യർത്ഥിക്കുന്നു.

കോവിഡ് 19 വ്യാപനം തടയാൻ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപെടാനും കേരള സർക്കാരിന്റെ നിർദേശങ്ങളുമായി സഹകരിക്കാനും എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

# സിഐടിയു മെയ് ദിന മാനിഫെസ്റ്റോ 2020

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ദുരിതങ്ങളിലൊന്നായ കോവിഡ് വ്യാപനത്തിനിടയിലാണ് നാം. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം ഉണ്ടാകാൻ പോകുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങി കൊണ്ടിരിക്കുകയുമാണ്. ഇതിനിടയിലാണ് 2020ലെ അന്താരാഷ്ട്ര തൊഴിലാളി ദിനം കടന്ന് വരുന്നത്.

എല്ലാ മുൻനിര ആരോഗ്യ പ്രവർത്തകർ, ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ശുചീകരണ തൊഴിലാളികൾ, തുടങ്ങി ലോകത്താകമാനം സ്വന്തം ജീവൻ പണയപ്പെടുത്തി മറ്റുള്ളവരുടെ ജീവൻ സംരക്ഷിക്കുന്ന മറ്റെല്ലാ തൊഴിലാളികളെയും നിങ്ങളുടെ വിലമതിക്കാനാവാത്ത സേവനത്തിന് ഹൃദയംഗമമായ നന്ദി പ്രകടിപ്പിക്കുന്നു. വ്യക്തിപരമായ ബുദ്ധിമുട്ടുകൾ സഹിച്ച് പല രാജ്യങ്ങളിലായി ലോക്ഡൗണിൽ കഴിഞ്ഞ കോടിക്കണക്കിന് ജനങ്ങൾക്ക് ജീവൻ നിലനിർത്താൻ വെള്ളം, വൈദ്യുതി, വാർത്തവിനിമയം, സാമ്പത്തിക സേവനം, പാൽ, പലചരക്ക്, പച്ചക്കറി, മരുന്ന് തുടങ്ങിയവ എത്തിച്ച് നൽകി സമൂഹത്തിനെ മുന്നോട്ട് കൊണ്ട് പോകുന്ന തൊഴിലാളി വർഗത്തിനുഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.



ലോകത്തെ എല്ലാ കർഷകർക്കും കർഷക തൊഴിലാളികൾക്കും, ലോകത്തെ യഥാർത്ഥ 'സമ്പത്ത് സൃഷ്ടാക്കളും', ലോകത്തെ മുന്നോട്ട് നയിക്കുന്ന അദൃശ്യ ശക്തികളുമായി തിരിച്ചറിയപ്പെടാതെ പോകുന്ന നായകരുമായ തൊഴിലാളികൾക്കും അധ്വാനിക്കുന്ന മറ്റു ജനവിഭാഗങ്ങൾക്കും ഈ ദിനത്തിൽ അഭിവാദ്യം അർപ്പിക്കുന്നു.

കോവിഡ് മഹാമാരിയിൽ ജീവൻ നഷ്ടപ്പെട്ട ലക്ഷക്കണക്കിന് ആളുകളുടെ കുടുംബത്തിന്റെ ദുഖത്തിൽ സിഐടിയു അനുശോചനം രേഖപ്പെടുത്തുന്നു.

രോഗം കാരണം ദുരിതം അനുഭവിക്കുന്നവർ, തങ്ങളുടേതല്ലാത്ത കുറ്റത്തിനു സമൂഹത്തിൽ നിന്ന് മാറ്റി നിർത്തപ്പെട്ട കോടിക്കണക്കിന് ജനങ്ങൾ, ഇതിനകം ജോലിയും ഉപജീവന മാർഗവും നഷ്ടപ്പെട്ട് ഭാവിയെക്കുറിച്ച് ഉത്കണ്ഠപ്പെടുന്നവർ, ഭാവിയിൽ ജോലിയും ഉപജീവന മാർഗ്ഗവും നഷ്ടപ്പെടുമെന്ന ഭയപ്പെടുന്നവർ ഇവരോടെല്ലാം ഈ മെയ് ദിനത്തിൽ സിഐടിയു ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

തൊഴിലാളികളും എല്ലാവിഭാഗം ജനങ്ങളും ഒന്നിച്ച് മതം, വംശം, പ്രദേശം, ജാതി, വംശീയത, ഭാഷ, ലിംഗം തുടങ്ങിയവയുടെ പേരിൽ നമുക്കിടയിൽ സൃഷ്ടിച്ചിട്ടുള്ള മതിൽ തകർത്ത് നമ്മുടെ ജീവനും ജീവിതമാർഗവും നിലനിർത്തുന്ന ഭൂമിയെയും പരിസ്ഥിതിയെയും സംരക്ഷിക്കണം. ഇതുമാത്രമാണ് നിലവിലെ കോവിഡ് മഹാമാരിയെയും ഇപ്പോൾ ലോകത്ത് നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധിയെയും മറികടക്കാനുള്ള ഏക മാർഗം.

കോവിഡ് മഹാമാരി നമ്മളിന്ന് ജീവിക്കുന്ന സമൂഹത്തിന്റെയും മുതലാളിത വ്യവസ്ഥയുടെയും അതിന്റെ നവ ഉദാരവൽക്കരണ ശൈലിയുടെയും മനുഷ്യത്വരഹിതവും ക്രൂരവുമായ സ്വഭാവം തുറന്ന് കാട്ടി.

അദൃശ്യമായ സൂക്ഷ്മ ജീവിയായ കൊറോണ വൈറസിൽ നിന്ന് ഇരുപത്തൊന്നാം നൂറ്റാണ്ടിൽ മനുഷ്യൻ നേരിടുന്ന വെല്ലുവിളി നേരിടാൻ യോജിച്ച പോരാട്ടം ആവശ്യമാണ്. ലോകത്തെ മുഴുവൻ

ശാസ്ത്രസാങ്കേതിക പരിജ്ഞാനം, സമ്പത്ത് എന്നിവയെല്ലാം ഒന്നിക്കുമ്പോൾ ഉണ്ടാകുന്ന മനുഷ്യശക്തി കൊണ്ട് മാത്രമേ കോവിഡിനെ തോൽപ്പിക്കാൻ കഴിയു.

**ഇതിനുപകരം ഇന്നു കാണുന്നത് മുതലാളിത്ത വ്യവസ്ഥയുടെ നികൃഷ്ടവും ഹീനവുമായ മുഖമാണ്.**

കോവിഡ് മൂലം ഇന്ന് 42 ലക്ഷത്തിലധികം പേർ രോഗബാധിതരാണ്. കോടിക്കണക്കിന് ജനങ്ങളുടെ ജീവൻ അപകടത്തിലുമാണ്. ഒന്നര ലക്ഷത്തിലധികം പേർ ലോകത്ത് മരിക്കുകയും ചെയ്തു. രാജ്യങ്ങളിൽ നടപ്പാക്കിയ ലോക്ഡൗൺ മൂലം ലക്ഷക്കണക്കിന് പേർക്ക് ജോലി നഷ്ടമാകുകയും അവരുടെ വരുമാനം നിലക്കുകയും ചെയ്തു. പലർക്കും വീടില്ലാതെയായി. നിരവധി പേരും അവരുടെ കുടുംബവും പട്ടിണിയിലാണ്. ഈ അവസരത്തിൽ കോർപ്പറേറ്റുകളും വലിയ ബിസിനസുകാരും മഹാമാരിയെ ഉപയോഗപ്പെടുത്തി തൊഴിലാളിയെ പിരിച്ചുവിടുക, വേതനം, ബോണസ് തുടങ്ങിയവ വെട്ടിക്കുറയ്ക്കുക, തൊഴിൽ സമയം വർധിപ്പിക്കുക തുടങ്ങി അവരുടെ അവകാശങ്ങൾ ഇല്ലാതെയാക്കുകയാണ്. കോർപ്പറേറ്റ് സൗഹൃദ അല്ലെങ്കിൽ കോർപ്പറേറ്റുകൾ നയിക്കുന്ന സർക്കാറുകൾ പല രാജ്യങ്ങളിലും നിലവിലെ സാഹചര്യം മുതലെടുത്ത് അവരുടെ കോർപ്പറേറ്റ് ഉടമകളെ സഹായിക്കാനായി തൊഴിലാളികളുടെ അവകാശങ്ങൾ ഇല്ലാതാക്കാൻ തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തുകയാണ്. ജനാധിപത്യ അവകാശങ്ങൾ അടിച്ചമർത്താൻ തൊഴിലുടമയുടെ തൊഴിൽ നിയമലംഘനത്തിന് നിയമസാധുത വരുത്തുകയാണ്. അവർ തൊഴിലാളികളെ ചൂഷണം ചെയ്യുകയും ആക്രമിക്കുകയും ചെയ്യും. അതിൽ വിവേചനമോ പക്ഷപാതമോ ഇല്ല.

ലോകത്തെ ഏറ്റവും ശക്തമായ അമേരിക്കൻ സാമ്രാജ്യത്വം ഇന്ന് തുറന്നുകാട്ടപ്പെട്ടിരിക്കുകയാണ്. ഏറ്റവും ക്രൂരമായി അവരുടെ ആധിപത്യം കാണിച്ച് കൊണ്ട് ക്യൂബ, വെനിസ്വേല, ഇറാൻ എന്നീ രാജ്യങ്ങൾക്കെതിരായ സാമ്പത്തികവും രാഷ്ട്രീയവുമായ യുദ്ധം തുടരുകയാണ്. ലോക രാഷ്ട്രങ്ങളുടെ കൂട്ടായ്മയിൽ ഏറെക്കുറെ ഒറ്റപ്പെട്ടുപോയെങ്കിലും പലസ്തീനികൾക്ക് മാതൃരാജ്യത്തിനുള്ള അവകാശം നിഷേധിക്കാൻ ഇസ്രായേലിനെ പിന്തുണയ്ക്കുന്നത് തുടരുകയാണ്. അന്താരാഷ്ട്രതലത്തിൽ ആരോഗ്യ പിന്തുണ നൽകുന്നതിൽ അസാധാരണ ചരിത്രമുള്ള ക്യൂബ നൽകുന്ന ആരോഗ്യ സഹായം സ്വീകരിക്കുന്നതിൽ നിന്ന് അമേരിക്ക പല രാജ്യങ്ങളെയും തടയുകയാണ്. ക്യൂബയ്ക്ക് ലഭിക്കുന്ന എല്ലാ സഹായവും അമേരിക്ക തടയുകയും ചെയ്യുന്നു.

സ്വന്തം ജനതയ്ക്ക് ആശുപത്രിയിൽ കിടക്ക, വെൻറിലേറ്ററും നൽകാൻ കഴിയുന്നില്ല. സ്വന്തം ആരോഗ്യ ജീവനക്കാർക്ക് മാസ്കും പിപിഇ കിറ്റും നൽകാനാകുന്നില്ല. മറ്റു രാജ്യങ്ങളിലേക്കുള്ള ഇവയെല്ലാമടങ്ങുന്ന ചരക്ക് മോഷ്ടിക്കാൻ ശ്രമം. അതേ സമയം, കുത്തകകൾക്ക് 50,000 കോടി ഡോളർ വിലമതിക്കുന്ന പാക്കേജും വിമാനക്കമ്പനികൾക്ക് 2900 കോടി ഡോളറും സുരക്ഷാ കമ്പനികൾക്ക് 1700 കോടി ഡോളറും ട്രംപ് പ്രഖ്യാപിച്ചു.

**ലെനിൻ മുതലാളിത്തതിൻറെ ഏറ്റവും ഉയർന്ന ഘട്ടമെന്ന് പറഞ്ഞ സാമ്രാജ്യത്വം ഇതാണ്.**

പ്രതിസന്ധി രൂക്ഷമാകുമ്പോൾ,
സാമ്രാജ്യത്വത്തിന്റെ ഗുണ്ടാസംഘം ഉയരുകയും,
അതിന്റെ ഏറ്റവും അധഃപതിച്ചതും ഗുരുതരമായ
വശം തുറന്നുകാട്ടപ്പെടുകയും ചെയ്യും.

കുറച്ച് മെച്ചപ്പെട്ട പൊതു ആരോഗ്യ സംവിധാനം ഉണ്ടായിരുന്ന യുകെ, ഇറ്റലി തുടങ്ങിയ രാജ്യങ്ങൾ നവ ഉദാരവൽകൃത മുതലാളിത്തതിനു കീഴിലായതോടെ പൊതുജനാരോഗ്യം, വിദ്യാഭ്യാസം മുതലായവയ്ക്കുള്ള സാമൂഹ്യക്ഷേമ ചെലവുകൾ കുറയ്ക്കുകയും സ്വകാര്യവൽക്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. 2008ലെ ആഗോള സാമ്പത്തിക മാന്ദ്യത്തിന് ശേഷമെടുത്ത ചെലവുചുരുക്കൽ നടപടികൾക്ക് ശേഷം ഇതു പിന്നെയും വഷളായി. നിലവിലെ പ്രതിസന്ധിയിൽ ഇറ്റലി, സ്പെയിൻ, ഫ്രാൻസ് തുടങ്ങിയ ഇടങ്ങളിൽ ആവശ്യകത നിറവേറ്റാൻ കഴിയാതെ പോയത് ഈ നടപടികളുടെ പ്രതിഫലനമാണ്. പ്രതിസന്ധി നേരിടാൻ സ്പെയിൻ സ്വകാര്യ ആശുപത്രികളെ ദേശസാൽക്കരിക്കേണ്ടിവന്നു.

സമ്പദ്വ്യവസ്ഥയെ പ്രതിസന്ധിയിൽ നിന്നും പുറത്തു കൊണ്ടുവരുക എന്നതിന്റെ പേരിൽ പ്രതിസന്ധി കൈകാര്യം ചെയ്യാൻ വേണ്ടിയെന്ന് പറഞ്ഞ് മുതലാളിത്ത വർഗം വിവിധ ജനവിരുദ്ധ നടപടികൾ കൈക്കൊള്ളും. കോർപ്പറേറ്റ് മാധ്യമങ്ങളും സർക്കാർ സംവിധാനങ്ങളും വഴി ജനങ്ങളിൽ അതെല്ലാം ന്യായീകരിക്കുകയും ആവശ്യമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനും ശ്രമിക്കും. ഇങ്ങനെ ജനങ്ങളെ മണ്ടന്മാരാക്കി കൂടുതൽ ചൂഷണം ചെയ്യും. മുതലാളത്തതിന് കൂടുതൽ ലാഭമുണ്ടാക്കാൻ കഴിയുന്ന തരത്തിൽ തൊഴിൽ മേഖലയെയും തൊഴിലാളി തൊഴിലുടമ ബന്ധത്തെയും കൂടുതൽ ചൂഷണം സാധ്യമാക്കുന്ന രീതിയിൽ പുനർനിർമിക്കുകയും പുനർ ക്രമീകരിക്കുകയും ചെയ്യും. ധിക്കാരത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും ഒരു പുതിയ ഘട്ടത്തിലേക്ക് തൊഴിലാളിവർഗ പ്രസ്ഥാനം കടക്കുകയാണെന്ന സാഹചര്യം സിഐടിയുവിന്റെ പതിനാറാമത് സമ്മേളനം വ്യക്തമാക്കിയിരുന്നു. ആ ധാരണയുടെ കൃത്യതയെ ശരിവയ്ക്കുന്നുതാണിത്.

മുഴുവൻ തൊഴിലാളി വർഗത്തെയും ഒന്നിപ്പിച്ച് മേൽപറഞ്ഞ പോരാട്ടത്തിന് സംഘടനാപരമായും പ്രത്യയശാസ്ത്രപരമായും സ്വയം തയ്യാറാകുമെന്ന പ്രതിജ്ഞയോടെ 2020 മെയ് ദിനം ആചരിക്കാം.

മുതലാളത്തത്തിൻറെ ഹീനവും നാശോന്മുക

വുമായ കർമ്മ പദ്ധതികൾ ഭരണത്തിലുള്ള തങ്ങളുടെ പ്രതിനിധികളിലൂടെ തുറന്നു കാണിക്കാൻ തൊഴിലാളി വർഗത്തിന് ഇതാണ് സമയം. ആര് ആർക്കുവേണ്ടി നിലകൊള്ളുന്നു, എന്തിന് വേണ്ടി നിലകൊള്ളുന്നു, ആരുടെ പിന്തുണയോടെ എന്തിനെതിരെ പ്രവർത്തിക്കണമെന്നെല്ലാം നാം തിരിച്ചറിയേണ്ട സമയമാണ്. ഇവയെല്ലാമാണ് ഇന്ന് കൂടുതൽ ആവശ്യം.

'ദൈനംദിന പ്രശ്നങ്ങൾക്കെതിരായ നമ്മുടെ പോരാട്ടം കേവലമാണ്. തൊഴിലാളിവർഗത്തിന്റെ സാമൂഹിക വിമോചനത്തിനായുള്ള പോരാട്ടം ആവശ്യവും. എല്ലാ തൊഴിലാളികളും ഒരുമിച്ച് നമുക്കത് ചെയ്യാൻ സാധിക്കും.

ലോക ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻറെ ജനറൽ സെക്രട്ടറി ജോർജ് മാവ്രികോസ് പറഞ്ഞതാണിത്.

ക്രൂരമായ വ്യവസ്ഥിതിയുടെ മനുഷ്യത്വ രഹിതമായ ഗൂഢാലോചനയും അതിനെ പ്രോത്സാഹിപ്പിക്കുന്ന സംശയാസ്പദമായ രാഷ്ട്രീയവും മുഴുവൻ അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കിടയിലും എത്തിക്കാൻ തൊഴിലാളി വർഗത്തിലെയും തൊഴിലാളി വർഗ പ്രസ്ഥാനത്തിലെയും മുന്നണിപ്പോരാളികൾക്ക് നിരന്തരവും സ്ഥിരവുമായി പ്രവർത്തിക്കേണ്ടിവരും. സഖാവ് ലെനിന്റെ 150ാം ജന്മവാർഷികത്തിനൊപ്പം എത്തുന്ന ഇത്തവണത്തെ മെയ് ദിനത്തിൽ ഈ ദൗത്യം ഏറ്റെടുക്കാൻ മുഴുവൻ തൊഴിലാളി പ്രസ്ഥാനങ്ങളോടും ആഹ്വാനം ചെയ്യുന്നു.

## അതുകൊണ്ട്, ഈ മെയ്ദിനത്തിൽ

- ഇന്ത്യയിലെയും ലോകത്തിലെയുമുള്ള മുഴുവൻ തൊഴിലാളികളോടും അധ്വാനിക്കുന്ന ജനവിഭാഗങ്ങളോടും വൈറസിനെതിരെ പൊരുതാനും സുരക്ഷിതരായി തുടരാനും ആരോഗ്യം സംരക്ഷിക്കാനും സിഐടിയു അഭ്യർഥിക്കുന്നു.
- വൈറസ് രൂക്ഷമാക്കിയ സാമ്പത്തിക പ്രതിസന്ധിയുടെ ഭാരം പൂർണ്ണമായും തൊഴിലാളിവർഗത്തിന് മുകളിൽ വയ്ക്കാനുള്ള മുതലാളിമാരുടെയും അവരെ പ്രതിനിധീകരിക്കുന്ന സർക്കാരുകളുടെയും കുതന്ത്രങ്ങൾക്കും ഗൂഢാലോചനകൾക്കുമെതിരെ പോരാടുന്നതിന് ഒന്നിക്കുക.
- തൊഴിലാളികൾ നേടിയെടുത്ത അവകാശങ്ങൾ നിഷേധിച്ച് അവരെ പാപ്പരാക്കുകയും അതേസമയം തൊഴിലാളിവർഗത്തിനാലും അധ്വാനിക്കുന്ന ജനങ്ങളാലും ഉൽപ്പാദിപ്പിക്കപ്പെട്ട വൻകിട കോർപ്പറേറ്റുകളുടെ ലാഭവും സമ്പത്തും സംരക്ഷിക്കുകയും ചെയ്യുന്ന വൃത്തികെട്ട ശ്രമങ്ങൾക്കെതിരെ പോരാടാൻ ഒന്നിക്കുക.
- തൊഴിലാളി ഐക്യത്തിനും എല്ലാ അധ്വാനിക്കുന്ന വിഭാഗങ്ങളുടെ ഐക്യത്തിനും വിലങ്ങുതടിയാവുകയും അവരെ മതം, പ്രദേശം, വംശം, ജാതി, വംശീയത, ലിംഗം എന്നിവയെ അടിസ്ഥാനമാക്കി വിഭജിക്കുകയും ചെയ്യുന്നതിനെതിരെ ഒന്നിക്കുക.

**മെയ്ദിനം വിജയിക്കട്ടെ**

**തൊഴിലാളിഐക്യം വിജയിക്കട്ടെ**

**തൊഴിലാളി-കർഷക കൂട്ടുകെട്ട് വിജയിക്കട്ടെ**

**സോഷ്യലിസം വിജയിക്കട്ടെ**

**മുതലാളിത്തം തുലയട്ടെ**



# WFTU മെയ്ദിന സന്ദേശവും അടിയന്തര കടമകളും

2020 ലെ മെയ് ദിനത്തെ നാം വരവേൽക്കുന്ന ഈ സന്ദർഭത്തിൽ കൊറോണ മഹാമാരി സൃഷ്ടിച്ചിരിക്കുന്ന ക്ലേശകരമായ സാഹചര്യങ്ങളിലും ജീവിതത്തെ മുന്നോട്ട് കൊണ്ടു പോകുന്നതിനും തൊഴിലാളികളുടെയും ജനങ്ങളുടെയും ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനും വേണ്ടി തുടർന്നും അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്ന ലോകത്താകെയുള്ള തൊഴിലാളികളെ WFTU (തൊഴിലാളി സംഘടനകളുടെ ലോക ഫെഡറേഷൻ) അഭിവാദ്യം ചെയ്യുകയാണ്.

ദശലക്ഷക്കണക്കിന് ഡോക്ടർമാരും, നഴ്സ്മാരും, മറ്റ് ആരോഗ്യ പ്രവർത്തകരും കോവിഡ് 19 ഉയർത്തുന്ന ഭീഷണിയെ വകവയ്ക്കാതെ ഈ മഹാമാരിയിൽ നിന്ന് രോഗികളെ രക്ഷിക്കുന്നതിന് വേണ്ടി ആവശ്യത്തിനുള്ള സുരക്ഷാ കവചങ്ങളുടെയും വൈദ്യ ഉപകരണങ്ങളുടെയും അഭാവത്തിലും സ്വന്തം ആരോഗ്യത്തെയും ജീവനെപ്പോലും അപകടപ്പെടുത്തിക്കൊണ്ട് വിശ്രമമില്ലാതെ അനുദിനം പണിയെടുക്കുകയാണ്. ഈ ആരോഗ്യ മേഖലയിലെ മുഴുവൻ പ്രവർത്തകരെയും നാം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. സ്വന്തം ആവശ്യങ്ങളേയും, സുഖസൗകര്യങ്ങളെയും ത്യജിച്ചുകൊണ്ട് കോവിഡ് 19 നെതിരെയുള്ള യുദ്ധത്തെ സധൈര്യം നയിക്കുന്ന മുന്നണി പോരാളികളാണിവർ. ഇതിനകം തന്നെ മഹാമാരി ദശലക്ഷക്കണക്കിന് ആളുകളെ ബാധിക്കുകയും പതിനായിരങ്ങളെ മരണത്തിലേക്ക് തള്ളിവിടുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. ആവശ്യത്തിന് ഫണ്ട് ലഭ്യമാക്കാത്തതിനാൽ തകർച്ചയെ നേരിടുന്നതും, മുതലാളിത്ത ഭരണകൂടങ്ങളുടെ നയങ്ങൾ ബോധപൂർവ്വമായ അട്ടിമറിക്കും അന്തർദേശീയ കുത്തകകൾക്ക് ലാഭം കൊയ്യെടുക്കുന്നതിന് വേണ്ടിയുള്ള സ്വകാര്യവത്കരണത്തിനും വിധേയമായിക്കൊണ്ടിരിക്കുന്ന പൊതുമേഖലാ ആരോഗ്യ സംവിധാനമാണ് മഹാമാരിക്കെതിരെയുള്ള കരുത്തുറ്റ പോരാട്ടത്തിൽ ജനങ്ങൾക്ക് ആശ്രയവും ആശ്വാസവുമാകുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്.

മഹാമാരിയുടെ പിടിയിലായ 14 രാജ്യങ്ങളിലേക്ക് ക്യൂബ പ്രത്യേക വൈദഗ്ദ്യമുള്ള ഡോക്ടർമാരെ അയക്കുകയുണ്ടായി. ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരെയും പിന്തുണച്ചുകൊണ്ട് ഇറ്റലിയിലെ തൊഴിലാളികൾ ഒരു ദിവസത്തെ പൊതുപണിമുടക്ക് നടത്തി. ലോകമൊട്ടാകെ തൊഴിലാളികൾ നിശബ്ദരായിരിക്കാതെ ഈ പ്രതിസന്ധികാലത്ത് ജനങ്ങളുമായി ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടുള്ള നിലപാടുകൾ എടുത്തിരിക്കുകയാണ്. ഇവയെ മാതൃകയാക്കിക്കൊണ്ട് മുതലാളിത്ത ആക്രമണത്തിനും ഈ ഹക്കച്ചവടത്തിനും എതിരായി തൊഴിലാളികളുടെ അന്തർദേശീയതയും ജനങ്ങളുടെ ഐക്യദാർഢ്യവും ഉയർത്തിക്കാട്ടുകയാണ് നമ്മൾ തൊഴിലാളികളും പൊതുജനങ്ങളും.

1886 ൽ 8 മണിക്കൂർ ജോലിക്കായി പോരാടുകയും ജീവത്യാഗം ചെയ്യുകയും ചെയ്ത ചിക്കാഗോയിലെ തൊഴിലാളികളാണ് തൊഴിലാളി വർഗ്ഗത്തിന് തുടർന്നും അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രക്ഷോഭങ്ങൾ ഏറ്റെടുക്കുന്നതിനായുള്ള ആത്മവിശ്വാസം പകർന്നു നൽകിയത്.

WFTU ന്റെ നേതൃത്വത്തിൽ വർഗ്ഗസമരത്തിന്റെ




പാതയിൽ മുന്നേറുന്ന അന്തർദേശീയ തൊഴിലാളിവർഗ്ഗം ചിക്കാഗോ തൊഴിലാളികൾ തെളിയിച്ച പോരാട്ടത്തിന്റെ പാരമ്പര്യത്തെ ആദരിക്കുകയും ചൂഷണ വ്യവസ്ഥയെ ഇല്ലായ്മ ചെയ്ത് തൊഴിലാളികളുടെ ആധുനികമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രക്ഷോഭങ്ങളെ ഏതുസാഹചര്യത്തിലും മുന്നോട്ട് കൊണ്ടു പോകുന്നതിന് പ്രതിജ്ഞാബന്ധതയോടെ നിലകൊള്ളുകയും



ചെയ്യുന്നു. മുതലാളിത്വത്തിൻറെ കാടത്തത്തിൽ നിന്ന് തൊഴിലാളികളുടെ വിമോചനമാണ് നമ്മുടെ പരമമായ ലക്ഷ്യം.

### നമ്മുടെ അടിയന്തര കടമകൾ

തൊഴിലാളി സഹോദരി സഹോദരന്മാർ, തൊഴിൽ രഹിതർ, വിരമിച്ചവർ, കുടിയേറ്റക്കാരും, അഭയാർത്ഥികളും, യുവശാസ്ത്രജ്ഞർ, തദ്ദേശീയ വാസികൾ, സ്ത്രീകളും പുരുഷന്മാരും തുടങ്ങിയ സമസ്ത വിഭാഗങ്ങളും ഇന്നു നാം അഭിമുഖീകരിക്കുന്ന സങ്കീർണ്ണങ്ങളായ ബുദ്ധിമുട്ടുകളുടെ പശ്ചാത്തലത്തിൽ സമൂഹത്തിൽ ചൂഷണം അവസാനിപ്പിക്കുന്നതിനായുള്ള നമ്മുടെ പോരാട്ടങ്ങളുടെ മുൻനിരയിൽ ഒരിയ്ക്കൽ കൂടി താഴെപറയുന്ന അടിയന്തരമായ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് അണിനിരക്കേണ്ടതായിട്ടുണ്ട്.

1 സാർവ്വത്രികവും, സമ്പൂർണ്ണവും സൗജന്യവുമായ പൊതു ആരോഗ്യ സംവിധാനത്തിന് ആവശ്യമായ ഫണ്ട് എല്ലാ രാഷ്ട്രങ്ങളും ഭരണകൂടങ്ങളും ലഭ്യമാക്കുക.

2 തന്ത്രപരമായ ആരോഗ്യമേഖലയുടെ

3 സ്വകാര്യവത്കരണ നടപടികളിൽ നിന്ന് പിൻമാറുക.

3 പൊള്ളയായ ആശംസകളും വിശദീകരണങ്ങളും നൽകുന്നത് ഒഴിവാക്കി അന്തർദേശീയ സ്ഥാപനങ്ങൾ അവരുടെ ഉദ്ദേശലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

4 സുരക്ഷിതമായ പ്രതിരോധ കുത്തിവയ്പ് എല്ലാവർക്കും സൗജന്യമായി ലഭ്യമാക്കുക.

5 പിരിച്ചുവിടലുകൾ നിരോധിക്കുക

6 വേതനം, ഇൻഷുറൻസ് പരിരക്ഷ എന്നിവയുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ അവകാശങ്ങളെ ബഹുമാനിക്കുക.

7 ജനാധിപത്യ/തൊഴിലാളി സംഘടനാ സ്വാതന്ത്ര്യങ്ങൾ സംരക്ഷിക്കുക

8 പണിയെടുക്കുവാനുള്ള അവകാശം പരിരക്ഷിക്കുക.

9 തൊഴിലാളികളും പൊതുജനങ്ങളും തമ്മിലുള്ള ഐക്യദാർഢ്യവും തൊഴിലാളി അന്തർദേശീയതയും ശക്തിപ്പെടുത്തുക.

10 ഊഹക്കച്ചവടം, അമിതവില ഈടാക്കലും നിറുത്തലാക്കുക.

11 വംശീയ/നവ നാസി പ്രവണതകളെ തിരസ്കരിക്കുക.

WFTU ന്റെ 75 വർഷത്തെ പ്രവർത്തനങ്ങളെ ആദരിക്കുന്നതിനായി 'ഒരാളും തനിച്ചാകരുത്' എന്ന മുദ്രാവാക്യത്തെ പ്രായോഗികമാക്കിക്കൊണ്ട് നമുക്ക് വർഗ്ഗ സമരങ്ങളെ ശക്തിപ്പെടുത്താം. തൊഴിലാളി വർഗ്ഗം ഒന്നായി നിന്നുകൊണ്ട് നമ്മുടെ ആധുനികമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനായുള്ള പോരാട്ടങ്ങൾ മുന്നോട്ട് കൊണ്ടുപോകാം.

WFTU- 75 വർഷങ്ങളായി പോരാട്ടങ്ങളുടെ മുൻനിരയിൽ തന്നെയുണ്ട്. ഇത് തുടരുക എന്നത് നമ്മുടെ കടമയാണ്. അത് നമ്മൾ നിർവഹിക്കും. ■

**തൊഴിലാളികളുടെ അന്തർദേശീയത നീണാൾ വാഴട്ടെ**

**മെയ്ദിനം നീണാൾ വാഴട്ടെ.**

**പോരാട്ടങ്ങൾ തുടരും.**




# കേന്ദ്ര ടിയു സംഘടനകളുടെ സംയുക്ത മെയ് ദിന പ്രഖ്യാപനം

ഇന്ന് തൊഴിലാളി വർഗം ഗുരുതരമായ ആക്രമണങ്ങൾ നേരിട്ടുകൊണ്ടിരിക്കയാണ്. എട്ട് മണിക്കൂർ ജോലിക്കുവേണ്ടി ചിക്കാഗോയിലെ തൊഴിലാളികൾ രക്തസാക്ഷിത്വം വരിക്കേണ്ടി വന്ന 134 വർഷം മുമ്പുള്ള ആ നാളുകളിലേക്ക് തൊഴിലുടമകളും സർക്കാരുകളും നമ്മെ തള്ളിവിടുകയാണ്. കൊവിഡ് 19നെ മറയാക്കിയാണ് ഈ നടപടികളെല്ലാം. കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാർ പത്തുമണിക്കൂർ ജോലിക്ക് നിയമസാധുത നേടാനുള്ള നടപടികൾ കൈക്കൊണ്ടുവരുകയാണ്. ഗുജറാത്ത്, മധ്യപ്രദേശ് സർക്കാരുകൾ ഇതിനായി വിജ്ഞാപനം പുറത്തിറക്കിക്കഴിഞ്ഞു. തൊഴിലാളികൾക്ക് സംഘടിക്കാനും സമരം ചെയ്യാനുമുള്ള അടിസ്ഥാന അവകാശത്തിനുമേൽ കടന്നാക്രമണം നടത്താനുള്ള ഉപാധിയായി തൊഴിൽനിയമങ്ങളെ വിവിധ കോഡുകളാക്കി മാറ്റാനുള്ള പ്രക്രിയ എക്സിക്യൂട്ടീവ് ഉത്തരവിലൂടെയോ ഓർഡിനൻസ് വഴിയോ നടപ്പാക്കാനുള്ള നടപടികൾ പൂർത്തീകരിക്കാൻ പോകുകയാണ്. ട്രേഡ് യൂണിയനുകളെ ഒന്നോ രണ്ടോ വർഷത്തേക്ക് നിരോധിക്കണമെന്നും കരാർ തൊഴിലാളികളുടെ വേതനം തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനമായ 202 രൂപയിലേക്ക് താഴ്ത്തണമെന്നും ഗുജറാത്ത് ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് ആവശ്യപ്പെട്ടുകഴിഞ്ഞു.

സർക്കാരുകളും അവരുടെ യജമാനന്മാരായ വൻകിട കോർപറേറ്റുകളും അടിമ സമാനമായ അവസ്ഥയിലേക്ക് തൊഴിലാളികളെ മാറ്റാനാണ് ആഗ്രഹിക്കുന്നത്. കുടിയേറ്റ തൊഴിലാളികൾ സംസ്ഥാന അതിർത്തി വിട്ട് പോകുന്നതു നിരോധിച്ചും അതത് സംസ്ഥാനങ്ങളിലെ എല്ലാ ജില്ലകളിലേക്കും പ്രവേശിക്കാൻ അനുമതി നൽകുന്നതുമായ ആഭ്യന്തര മന്ത്രാലയത്തിന്റെ 19.04.2020ന്റെ ഉത്തരവ് ക്രൂരമായ മനുഷ്യാവകാശ ലംഘനമാണ്. നിലവിൽ മാന്ദ്യത്തിലായതും കൊറോണ ലോക്ഡൗണോടു കൂടി കൂടുതൽ ഗുരുതരാവസ്ഥയിലാവുകയും ചെയ്ത സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാനുള്ള ആഹ്വാനത്തിന്റെ പരിധിയിൽ ഉണ്ടാകുക തൊഴിലാളികൾ ആയിരിക്കും.

അതിധനാഢ്യരിൽനിന്ന് സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തുന്നതിനു പകരം എല്ലാ ഭാരവും തൊഴിലാളികളിലും സാധാരണ മനുഷ്യരിലും അടിച്ചേൽപ്പിക്കുകയാണ് സർക്കാർ. 2021 വരെ കേന്ദ്ര ജീവനക്കാർക്ക് ഡിഎയും ഡിആറും നൽകില്ലെന്ന പ്രഖ്യാപനത്തിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. ജീവനക്കാരുമായി ചർച്ച പോലും നടത്താതെ പല

സർക്കാരുകളും ഏകപക്ഷീയമായി വേതനം കുറയ്ക്കുകയാണ്. സർക്കാരിന്റെ മാർഗനിർദേശങ്ങൾ ലംഘിച്ചുകൊണ്ട് പൊതുസ്വകാര്യമേഖലകളിലെ ആയിരക്കണക്കിന് സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലെയും തൊഴിലാളികളുടെ വേതനം വെട്ടിക്കുറയ്ക്കുയാണ്. ഉപജീവനമാർഗത്തിനും തൊഴിൽ സാഹചര്യങ്ങൾക്കും നേരെയുള്ള ഇത്തരം ആക്രമണങ്ങളെ ഒരു കാരണവശാലും അംഗീകരിച്ചുകൊടുക്കാൻ തൊഴിലാളികൾക്ക് സാധിക്കില്ല.

- തൊഴിൽദിനത്തിൽ എട്ടുമണിക്കൂർ കൂലി എന്ന അവകാശത്തിനെതിരെ നടക്കുന്ന കടന്നാക്രമണത്തെ ഐക്യത്തോടെ ചെറുത്തു തോൽപ്പിക്കുമെന്നും നമുക്ക് പ്രതിജ്ഞ ചെയ്യാം.

- തൊഴിലുടമകളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനും തൊഴിലവകാശങ്ങൾ വെട്ടിക്കുറയ്ക്കാനും നിലവിലുള്ള സാമൂഹ്യസുരക്ഷ 44 തൊഴിൽ നിയമങ്ങളെ നാല് കോഡുകളാക്കി മാറ്റാനുള്ള നീക്കത്തെയും ചെറുത്തു തോൽപ്പിക്കാൻ ഐക്യപ്പെടുക.

- നിലവിലുള്ള സാമൂഹ്യ സുരക്ഷയും തൊഴിൽ സുരക്ഷയും ആരോഗ്യസുരക്ഷയും സംരക്ഷിക്കാനും അത് സാർവലൗകികമാക്കാനുമുള്ള പോരാട്ടത്തിന് ഐക്യപ്പെടുക.

- റയിൽവേ, പ്രതിരോധ ഫാക്ടറി, കൽക്കരി, തുറമുഖം, ഡോക്ക്, എയർ ഇന്ത്യ, ബാങ്കുകൾ, എൽഐസി എന്നിവയും 76 പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തെ ചെറുക്കാനുള്ള പോരാട്ടത്തിൽ ഐക്യപ്പെടുക.

- വൈറസ് ബാധ മൂലം തീവ്രമായ സാമ്പത്തിക പ്രതിസന്ധിയുടെ ഭാരം പൂർണമായും തൊഴിലാളികളിൽ അടിച്ചേൽപ്പിക്കാനുള്ള മുതലാളിത്തത്തിന്റെയും അവരുടെ പ്രതിനിധികളായ ഭരണകൂടങ്ങളുടെയും ഗൂഢതന്ത്രങ്ങൾക്കെതിരെയുള്ള പോരാട്ടത്തിൽ ഐക്യപ്പെടുക.

- തൊഴിലാളികളുടെയും അധ്വാനിക്കുന്ന മനുഷ്യരുടെയും വിയർപ്പിന്റെ ഫലമായി ഉണ്ടാക്കപ്പെട്ട വൻകിട കോർപറേറ്റുകളുടെ ലാഭവും ആസ്തിയും സംരക്ഷിക്കുമ്പോൾ തന്നെ തൊഴിലാളികളെ പാപ്പരാക്കാനും അവരെ പിഴിഞ്ഞൂറ്റി എടുക്കാനും മുതലാളിത്തത്തിന്റെയും അവരുടെ പ്രതിനിധികളായ ഭരണകൂടങ്ങളുടെയും നീചവും ഗൂഢവുമായ തന്ത്രങ്ങൾക്കെതിരെയുള്ള പോരാട്ടത്തിൽ ഐക്യപ്പെടുക.

- മതത്തിന്റെയും പ്രദേശത്തിന്റെയും വംശത്തിന്റെയും ജാതിയുടെയും ലിംഗ വ്യത്യാസത്തിന്റെയും പേരിൽ തൊഴിലാളികളുടെ ഐക്യവും അധ്വാനിക്കുന്ന എല്ലാ മനുഷ്യരുടെയും ഐക്യം തകർക്കാനുള്ള എല്ലാ ശ്രമങ്ങൾക്കുമെതിരെ ഐക്യപ്പെടുക, പോരാടുക.

- അന്താരാഷ്ട്ര ഫിനാൻസ് മൂലധനത്തിന്റെ തിട്ടൂരങ്ങൾ അടിച്ചേൽപ്പിക്കാനുമുള്ള സാമ്രാജ്യത്വ ശ്രമങ്ങൾക്കെതിരെ ഐക്യത്തോടെ പോരാടുക.

- ചൂഷണാധിഷ്ഠിതമായ മുതലാളിത്ത വ്യവസ്ഥിതിക്ക് അന്ത്യം കുറിക്കാനും ചൂഷണ മുക്തമായ ഒരു സമൂഹം അതായത് സോഷ്യലിസ്റ്റ് സമൂഹം സ്ഥാപിക്കാനുമുള്ള പോരാട്ടത്തിൽ ഐക്യപ്പെടുക.

**മെയ്ദിനം നീണാൾ വാഴട്ടെ**

**തൊഴിലാളി വർഗ ഐക്യം നീണാൾ വാഴട്ടെ**

**സോഷ്യലിസം നീണാൾ വാഴട്ടെ**

**സാമ്രാജ്യത്വം തുലയട്ടെ**

**ഐഎൻടിയുസി • എഐടിയുസി • എച്ച്എംഎസ് • സിഐടിയു • എഐയുടിയുസി**

**ടിയുസിസി • എഐസിസിടിയു • എൽപിഎഫ് • യുടിയുസി**



# തൊഴിലാളികൾക്കു നേരെയുള്ള യുദ്ധം

പ്രഭാത് പട്നായിക്

ദശലക്ഷക്കണക്കിന് തൊഴിലാളികൾ പണവും ഭക്ഷണവും അഭയവുമില്ലാതെ പരിക്ഷീണരായി സ്വന്തം ഗ്രാമങ്ങളിലേക്കോ ദുരിതപൂർണമായ ക്വാറന്റൈൻ കേന്ദ്രങ്ങളിലേക്കോ ഏന്തിവലിഞ്ഞു പോകുമ്പോൾ ലോക്ഡൗൺ മറയാക്കി അവർക്കെതിരെ ഒരു യുദ്ധം തന്നെ അഴിച്ചുവിട്ടിരിക്കയാണ്. ഒപ്പം ബിജെപി അതിന്റെ തനിനിറം വ്യക്തമാക്കിക്കൊണ്ടു തന്നെ സംസ്ഥാന സർക്കാരുകളിലൂടെയാണ് ഈ വർഗസമരം നടത്തുന്നത്.

മൂന്നുവർഷത്തേക്ക് നാലെണ്ണമൊഴികെ എല്ലാ തൊഴിൽനിയമങ്ങളും ഒരു ഓർഡിനൻസിലൂടെ താൽക്കാലികമായി റദ്ദാക്കിയിരിക്കയാണ് ഉത്തർപ്രദേശ് സർക്കാർ. അടുത്ത ആയിരം ദിവസങ്ങളിലേക്ക് പുതിയ യൂണിറ്റുകളിലൊന്നും തൊഴിൽനിയമങ്ങൾ ബാധകമല്ലാതാക്കിയിരിക്കുന്ന മധ്യപ്രദേശ് സർക്കാർ. സമാനമായ തീരുമാനങ്ങളാണ് ഗുജറാത്ത് സർക്കാർ കൈക്കൊണ്ടത്. ഇതേ മാർഗം കർണാടക സർക്കാരും പിന്തുടരുന്നു. കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബിലും രാജസ്ഥാനിലെയും സർക്കാരുകൾ അത്രത്തോളം പോയിട്ടില്ലെങ്കിലും തൊഴിൽ സമയം എട്ട് മണിക്കൂറിൽനിന്ന് പന്ത്രണ്ട് മണിക്കൂറിലേക്ക് ഉയർത്തിയിരിക്കുന്നു.

തൊഴിൽനിയമങ്ങൾ താൽക്കാലികമായി റദ്ദാക്കുക എന്നതിനർഥം തൊഴിലുടമകൾക്ക് തൊഴിലാളികളെ പിരിച്ചുവിടാൻ സ്വാതന്ത്ര്യം നൽകുക എന്നും മിനിമം കൂലി വർധിപ്പിക്കാൻ തൊഴിലുടമയ്ക്കുള്ള ബാധ്യതയില്ലാതാക്കുക എന്നതുമാത്രമല്ല. 'വായുവോ വെളിച്ചമോ മൂത്രപ്പുരയോ ഇരിപ്പിടമോ സുരക്ഷാ ഉപകരണങ്ങളോ കാന്റീനോ പ്രഥമശുശ്രൂഷാ സൗകര്യങ്ങളോ ക്രെഷ് സൗകര്യമോ ഇടവേളകളിൽ വിശ്രമസൗകര്യമോ നൽകാൻ തൊഴിലുടമ ബാധ്യസ്ഥനല്ല എന്നുകൂടിയാണ് അർഥമെന്ന് മെയ് എട്ടിന്റെ 'ദ ഹിന്ദു' പത്രം റിപ്പോർട്ടു ചെയ്യുന്നു.

ചെറുകിട സംരംഭങ്ങളിൽ മാത്രമല്ല, വൻകിട ഫാക്ടറികളിൽപോലും തൊഴിൽ സാഹചര്യത്തിന്റെ അവസ്ഥ നിലവിൽ ദയനീയമാണ്. മാർക്സും ഏംഗൽസും പരാമർശിച്ച പത്തൊൻപതാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലെ അതിനീചമായ അവസ്ഥയിലേക്കാണ് ഇന്ത്യയിലെ കാര്യങ്ങൾ പോകുന്നത്. രണ്ടു നൂറ്റാണ്ടു നീണ്ട സമരങ്ങളിലൂടെ തൊഴിലാളിവർഗം ആർജിച്ച അവകാശങ്ങൾ കവർന്നെടുക്കപ്പെടുകയാണ്.

അമേരിക്കയും ചൈനയും തമ്മിലുള്ള തർക്കത്തിന്റെ പശ്ചാത്തലത്തിൽ തൊഴിലാളികൾക്കുനേരെയുള്ള ഈ ആധുനിക യുദ്ധം നിക്ഷേപം പ്രവഹിക്കാനും തൊഴിലവസരങ്ങൾ വൻതോതിൽ വർധിപ്പിക്കാനുമാണെന്നാണ് വാദം. ചൈന അമേരിക്ക തർക്കം മൂക്കുന്നതോടെ വിദേശ കമ്പനികൾ മറ്റു

സുരക്ഷിത താവളങ്ങൾ തേടുമെന്ന വിശ്വാസത്താലാണിത്. പല കാരണങ്ങൾ കൊണ്ട് ഈ വാദം തെറ്റാണ്.

ഒന്ന്, തൊഴിലിന് അനുയോജ്യമായ സാഹചര്യം എന്നത് തൊഴിലാളിയുടെ അവകാശവുമായി ബന്ധപ്പെട്ടതാണ്. ആ അവകാശങ്ങൾ പേരിന് ഭരണഘടനയുടെ മൗലികാവകാശങ്ങളിൽ രേഖപ്പെടുത്തപ്പെട്ടാൽ മാത്രം പോര. അത് നിർബന്ധമായും നടപ്പാക്കാനും ബാധ്യസ്ഥപ്പെടുത്തണം. ചൈനയെ മറികടന്ന് വിദേശ നിക്ഷേപം ആകർഷിക്കാനെന്ന പേരിൽ ആ അവകാശങ്ങളിൽ വെള്ളം ചേർക്കാൻ പാടില്ല. വോട്ടവകാശവും ആവിഷ്കാരസ്വാതന്ത്ര്യവും നിയന്ത്രിക്കപ്പെട്ട ഒരു നാട് വിദേശ നിക്ഷേപത്തിന്റെ ആകർഷകമായ ലക്ഷ്യസ്ഥാനമായി മാറുമെന്ന് കരുതുന്നതുപോലെ അസംബന്ധമാണിത്. മറ്റൊരർഥത്തിൽ തൊഴിൽനിയമങ്ങൾ രാജ്യത്തെ തൊഴിലന്തരീക്ഷത്തിന് ഉതകുന്ന തരത്തിലാണ് നിർണയിക്കേണ്ടത്. അത് മൂലധനത്തെ ആകർഷിക്കുന്ന അവസരവാദപരമായ പരിഗണനകൾക്ക് അതീതമായിരിക്കണം. അത് തോന്നുംപടി മാറ്റിമറിക്കാൻ കഴിയുന്നതാകരുത്. ഒരു വിഭാഗത്തിന് മാത്രം പരിഗണന നൽകുന്നതിനു പകരം തൊഴിലാളിവർഗത്തെയാകെ ഉൾക്കൊള്ളുന്നതാകണം അത്.

കൂടുതൽ നിക്ഷേപം വരുന്നതിന് തൊഴിൽനിയമങ്ങൾ തടസ്സം സൃഷ്ടിക്കുന്നു എന്ന വാദവും പൂർണമായും അസംബന്ധമാണ്. ഈ വാദത്തെ പിന്തുണയ്ക്കുന്ന അനുഭവാർജിതമായ ഒരു തെളിവുമില്ല. ഇന്ത്യയുടെ വ്യവസായ വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നത് തൊഴിൽനിയമങ്ങളാണെന്ന് കുറച്ചു വർഷങ്ങൾക്കു മുൻപ് ഇന്ത്യയിൽ നവലിബറൽ നയങ്ങൾ ശക്തമായി നടപ്പാക്കിയ കാലത്ത് ചില പണ്ഡിതർ 'തെളിവു സഹിതം' ഉയർത്തിയ വാദങ്ങളിലൊന്ന്. അവരുടെ 'തെളിവുകൾ' കൃത്യമായ വസ്തുതകൾ വച്ച് നിരാകരിച്ചപ്പോൾ കൂടുതൽ തെളിവുകളുമായി രംഗത്തുവരാൻ ഈ പണ്ഡിതർക്കു കഴിഞ്ഞിരുന്നില്ല.

അൽപ്പകാലത്തേക്ക് വിദേശ നിക്ഷേപം മാറ്റിവയ്ക്കണമെന്ന് സൈദ്ധാന്തിക വാദവും ഒരു പോലെ തെറ്റാണ്. ചുരുക്കത്തിൽ തൊഴിൽനിയമങ്ങളുടെ സവിശേഷതകൾ നിറഞ്ഞതും കുത്തകകളും കുത്തകകൾ അടങ്ങുന്ന സംഘം നിയന്ത്രിക്കുന്നതുമായ കോർപറേറ്റു മേഖലയിൽ സ്ഥാപനങ്ങളുടെ മാർക്കറ്റ് ഷെയറുകൾ ദീർഘകാലത്തിനിടെയാണ് മാറുന്നത്. അതുകൊണ്ടു തന്നെ ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ ഡിമാൻഡിന്റെ പ്രതീക്ഷിത വളർച്ച ചരക്കുകളുടെ മൊത്തം ഡിമാൻഡിന്റെ വളർച്ചയ്ക്കും തുല്യമായിരിക്കും. വിപണിയുടെ പ്രതീക്ഷിത വളർച്ചയായിരിക്കും ഏതെങ്കിലും സ്ഥാപനത്തിന്റെ നിക്ഷേപത്തെ നിർണയിക്കുക. ലാഭത്തിന്റെ തോതിൽ വരുന്ന മാറ്റത്തിന് വിപണിയുടെ വളർച്ചയിൽ ഒരു പങ്കും വഹിക്കാനുണ്ടാകില്ല.

അതുകൊണ്ടു തന്നെ തൊഴിൽനിയമങ്ങൾ റദ്ദാക്കപ്പെടുന്നതു മൂലം തൊഴിലാളികളുടെ വിലപേശൽ ശേഷി കുറയുകയും അതുവഴി വേതനത്തിൽ കുറവു വരികയും ചെയ്യുന്ന പക്ഷം അത് ലാഭത്തിന്റെ തോത് വർധിക്കില്ല. ഏതെങ്കിലും മേഖലയിലോ കോർപറേറ്റ് രംഗത്ത് മൊത്തത്തിലോ നിക്ഷേപത്തിന്റെ അളവും ഇതുവഴി വർധിക്കില്ല. വേതനം വെട്ടിക്കുറയ്ക്കുന്നതുവഴി കോർപറേറ്റ് രംഗത്ത് മൂലധനം വേതനത്തിൽനിന്ന് ലാഭത്തിലേക്ക് ആനുപാതികമായി മാറ്റപ്പെടും. അത് സമ്പദ്ഘടനയിൽ മൊത്തത്തിലുള്ള ഡിമാൻഡ് കുറയാൻ കാരണമാകും.



വേതനത്തിന്റെ ഓരോ യൂണിറ്റും ഉപഭോഗം ചെയ്യുന്നതിന്റെ അളവ് ലാഭത്തിന്റെ ഓരോ യൂണിറ്റും ഉപഭോഗം ചെയ്യുന്ന അളവിനെക്കാൾ കുറവായതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അതുവഴി തൊഴിലിലും സമ്പദ്ഘടനയിലെ വരുമാനത്തിലും കുറവുവരും. പണം വേതനത്തിൽനിന്ന് ലാഭത്തിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന ഡിമാൻഡിലെ കുറവ് ഒരു പ്രത്യേക സംസ്ഥാനത്തെ ഉൽപ്പന്നങ്ങളെ ബാധിക്കില്ല എന്നും തൊഴിൽനിയമങ്ങളുടെ റദ്ദാക്കൽ കൊണ്ട് ഏതെങ്കിലും ഒരു സംസ്ഥാനത്തിന് മാത്രമായി ഗുണംചെയ്യുമെന്നും വാദമുണ്ട്. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് ഒരു സംസ്ഥാനത്ത് ഡിമാൻഡ് ഇല്ലെങ്കിൽ അതിന്റെ ഡിമാന്റ് വല്ലാതെ താഴുകയില്ല, പക്ഷെ തൊഴിലവസരങ്ങളിൽ ഗണ്യമായ കുറവുവരും. ആഗോള വിപണിയിലേക്കുള്ള ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിനുവേണ്ടിയുള്ള വിദേശ നിക്ഷേപം ചൈനയിൽനിന്ന് മാറുകയും അത് ഇന്ത്യയിലേക്ക് ആകർഷിക്കപ്പെടാൻ ഈ സാഹചര്യം സഹായിക്കുമോ എന്നതാണ് ചോദ്യം.

ഒരു പ്ലാന്റ് എവിടെ സ്ഥാപിക്കണമെന്ന കാര്യം വിദേശ മൂലധനം തീരുമാനിക്കുമ്പോൾ പരിഗണിക്കുന്ന പ്രധാനഘടകം വേതനത്തിനുള്ള ചെലവ് എത്രയാകുമെന്നതാണെന്ന് ഓർക്കണം. മൂത്രപ്പുരകളും കാന്റീനുകളും ഇല്ലാതെ ദീർഘനേരം തൊഴിലെടുക്കുന്ന, പെട്ടെന്ന് കുപിതരാകുന്ന അസംതൃപ്തരും സന്തോഷമില്ലാത്തവരുമായ തൊഴിലാളികൾ ഏത് അർഥത്തിലും ചൈനയിൽനിന്നു വഴിമാറിവരുന്ന വിദേശ നിക്ഷേപത്തെ ആകർഷിക്കുന്ന ഒരു കാന്തമായി പ്രവർത്തിക്കില്ലെന്നുറപ്പ്.

ലോകസമ്പദ്ഘടനയിൽ വലിയ തോതിൽ നിക്ഷേപം നടക്കുകയാണെന്ന വാദം സത്യത്തിൽ നിന്ന് ഏറെ അകലെയാണ്. കൊറോണ എന്ന മഹാമാരി പടരുംമുമ്പുതന്നെ ആഗോള സമ്പദ്ഘടന ഗുരുതരമായ മാന്ദ്യം നേരിട്ടിരുന്നു. ഇന്ത്യയിൽ തൊഴിൽനിയമങ്ങൾ റദ്ദാക്കും മുമ്പുതന്നെ ചൈനയിലെ വേതനത്തെക്കാൾ എത്രയോ കുറവാണ് ഇന്ത്യയിലെ തൊഴിലാളികളുടെ വേതനം. ഈ സാഹചര്യത്തിൽ ചൈനയെക്കാളുമോ മറ്റ് ഏഷ്യൻ രാജ്യങ്ങളെക്കാളുമോ മെച്ചപ്പെട്ട ലക്ഷ്യസ്ഥാനമായി വിദേശ മൂലധനം എങ്ങനെ ഇന്ത്യയെ പരിഗണിക്കും? മാത്രവുമല്ല, മോഡി സർക്കാർ കൊട്ടിഘോഷിച്ച് മെയ്ക് ഇൻ ഇന്ത്യ പ്രചാരണം നടത്തിയിട്ടും ഇന്ത്യയുടെ ഉൽപ്പന്ന നിർമാണ മേഖലയിലെ വളർച്ചാ നിരക്ക് കോവിഡ് 19 മഹാമാരിക്കുമുമ്പു തന്നെ പൂജ്യമോ നെഗറ്റീവോ ആയി തകർന്നു പോയത് എങ്ങനെയാണ്?

വിദേശനിക്ഷേപത്തിന്റെ വാസ്തവം പോലെ തന്നെയാണ് മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള നിക്ഷേപത്തിന്റെ അവസ്ഥയും. ഒരു തരത്തിലുള്ള നിക്ഷേപവും നടക്കുന്നില്ലെന്ന് വേണം പറയാൻ. തൊഴിൽനിയമങ്ങൾ വെട്ടിമാറ്റിയതുകൊണ്ടു മാത്രം ഒരു സംസ്ഥാനത്തേക്ക് മറ്റു സംസ്ഥാനങ്ങളിൽനിന്ന് നിക്ഷേപമെത്തില്ല. അഥവാ നിക്ഷേപമെത്തുന്നുവെങ്കിൽ തന്നെ അത് അപകടകരമായ കഴുത്തറപ്പൻ മത്സരത്തിലേക്ക് നയിക്കും. ഇപ്പറഞ്ഞ കാരണങ്ങൾ കൊണ്ടുതന്നെ വേതനത്തിൽനിന്ന് ലാഭത്തിലേക്കുള്ള പണത്തിന്റെ മാറ്റം നിക്ഷേപത്തിന്റെ നിലയെ വളർത്തുകയില്ല. മാത്രവുമല്ല, ഈ മാറ്റം മൊത്തം ഡിമാന്റ് കുറയക്കുകയും ചെയ്യും. ഒപ്പം ഉൽപ്പാദനവും തൊഴിലും കുറയ്ക്കും. നിക്ഷേപവുമായി അത്രയേറെ ബന്ധിതമായതുകൊണ്ടുതന്നെ ഇത് ലാഭവും വർധിപ്പിക്കില്ല. ചെറുകിട മുതലാളിമാരിൽനിന്നും ചെറുകിട ഉൽപ്പാദകരിൽനിന്നും ലാഭം കോർപറേറ്റുകളിലേക്ക് കൈമാറ്റം ചെയ്യപ്പെടും. തൊഴിൽനിയമം റദ്ദാക്കപ്പെടുന്നതുമൂലം വേതനത്തിൽ കുറവു വരുന്നതിന്റെ ഫലമായി ചെറുകിട മുതലാളിമാരുടെ ഉൽപ്പന്നങ്ങൾക്ക് ഡിമാൻഡ് കുറയുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുക. തൊഴിൽനിയമങ്ങൾ റദ്ദാക്കൽ നിശ്ചയമായും തൊഴിലാളികൾക്ക് എതിരെ മാത്രമുള്ള യുദ്ധമല്ല, അത് ഒരേസമയം ചെറുകിട മുതലാളിമാർക്കും ചെറുകിട ഉൽപ്പാദകർക്കും എതിരെക്കൂടിയുള്ള യുദ്ധമാണ്. കോർപറേറ്റ് താൽപര്യം സംരക്ഷിക്കാൻ തൊഴിലാളികളെ മാത്രമല്ല ചെറുകിട മുതലാളിമാരെയും ചെറുകിട ഉൽപ്പാദകരെയും കൂടിയാണ് ചൂഷണം ചെയ്യുന്നത്.

ഇത് കേന്ദ്രവും ചില സംസ്ഥാനങ്ങളും ഭരിക്കുന്ന ബിജെപി സർക്കാരുടെ പതിവുരീതിയാണിത്. സാമ്പത്തിക ലോകത്തെക്കുറിച്ച് കോർപറേറ്റ് തലവന്മാർക്കുള്ള ധാരണയെ ഉൾക്കൊണ്ടുകൊണ്ട് ജനാധിപത്യ അവകാശങ്ങളെ ചുരുക്കിക്കെട്ടുകയാണവർ. ആ ധാരണ തികച്ചും ലളിതമാണ്: കോർപറേറ്റുകളെ എത്രത്തോളം ലാളിക്കുന്നുവോ നിക്ഷേപവും ഉൽപ്പാദനവും തൊഴിലും അത്രയും വർധിക്കും എന്നതാണ് ആ ധാരണ. ഒരു നൂറ്റാണ്ടുമുമ്പു തന്നെ വിശ്വാസം നഷ്ടപ്പെട്ട ധാരണയാണിത്.

ഈ വികലധാരണയെ അതിന്റെ പരകോടിയിൽ ഉൾക്കൊണ്ടിരിക്കയാണ് ബിജെപി. അതിന്റെ തുടർച്ചയാണ് തൊഴിലാളികളുടെ അവകാശങ്ങൾക്കുമേലുള്ള ഈ കടന്നാക്രമണം. മതന്യൂനപക്ഷങ്ങൾക്കും ദളിതർക്കും നേരെയുള്ള ആക്രമണങ്ങളും സമാന്തരമായി ജനാധിപത്യ അവകാശങ്ങളുടെ പരിമിതപ്പെടുത്തലും ഈ ആക്രമണങ്ങളുടെ ഭാഗമാണ്. മതന്യൂനപക്ഷങ്ങൾക്കും ദളിതർക്കും എതിരെ ബിജെപി നടത്തുന്ന ആക്രമണങ്ങളുടെ തുടർച്ചയാണ് തൊഴിലാളികൾക്കുനേരെയുള്ള ഈ യുദ്ധമെന്നിരിക്കെ അതിന്റെ പ്രത്യാഘാതം ഗുരുതരമായിരിക്കും. ■

# വിയർപ്പൂറ്റുശാലകളുടെ രാജ്യവും സ്വയം പര്യാപ്തതയും

**ആർ ശ്രീനിവാസൻ**

• (ബിസിനസ് ലൈൻ പത്രത്തിന്റെ എഡിറ്ററാണ് ലേഖകൻ)

കോവിഡ് മഹാമാരിയും അതിനെതുടർന്ന് നടപ്പിലാക്കിയ അടച്ചുപൂട്ടലും കാരണം തൊഴിലും വരുമാനവും നഷ്ടമായപ്പോൾ പിറന്ന മണ്ണിന്റെ സുരക്ഷ തേടി പാലായനം ചെയ്യവേ പരിക്ഷീണരായി റെയിൽവേ ട്രാക്കിൽ ഉറങ്ങുകയായിരുന്ന അതിഥി തൊഴിലാളികൾ ചരക്കു തീവണ്ടി കയറി മരിച്ച സംഭവം ഞെട്ടലോടെയാണ് നാം അറിഞ്ഞത്. മൃതദേഹങ്ങളുടെ അവശിഷ്ടങ്ങൾക്കൊപ്പം ചിതറിക്കിടന്നിരുന്ന മരിച്ച തൊഴിലാളികളുടെ സ്വന്തം എന്ന് പറയാവുന്ന ജീവിത സമ്പാദ്യം പഴകിയ ഏതാനും ചപ്പാത്തി കഷണങ്ങൾ മാത്രമായിരുന്നു. ഈ ദയനീയ ചിത്രം നമ്മുടെ സമൂഹത്തിന്റെ പ്രതിച്ഛായക്കും ഏറ്റവും ഒടുവിൽ പ്രധാനമന്ത്രി ഉയർത്തിക്കാട്ടീട്ടുള്ള അതിജീവന ശേഷിയുള്ള സ്വയം പര്യാപ്തമായ ഇന്ത്യ എന്ന സങ്കല്പത്തിനും വലിയ കളങ്കമാണ് ഏല്പിച്ചിരിക്കുന്നത്.

മഹാമാരിയെ മറയാക്കി രാജ്യത്ത് പരിമിതമായി നിലനിൽക്കുന്നതും നാമമാത്രമായി നടപ്പാക്കപ്പെടുന്നതുമായ തൊഴിൽ നിയമങ്ങളെ റദ്ദാക്കിക്കൊണ്ട് തൊഴിലാളികളുടെ തുച്ഛമായ പരിരക്ഷകളെപോലും ഇല്ലാതാക്കുവാൻ നിരവധി സംസ്ഥാന സർക്കാരുകൾ അമിതാവേശം കാണിക്കുകയാണ്. മൂന്നു വർഷം വരെ തൊഴിൽ നിയമങ്ങൾ മരവിപ്പിക്കുന്നതിനെ ന്യായീകരിക്കുന്നതിനായി ഇതിലൂടെ പുതിയ നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനും കഴിയും എന്ന് തെറ്റായി പ്രചരിപ്പിക്കുകയാണ്.

തൊഴിൽ നിയമങ്ങൾ എങ്ങിനെയാണ് നടപ്പാക്കപ്പെടുന്നത്

“പരിഷ്കാരങ്ങളുടെ” പേരിലാണ് തൊഴിൽ നിയമങ്ങൾ കൈയ്യൊഴിയപ്പെടുന്നത്. നിയമങ്ങൾ എഴുത്തുകളയുന്നത് പരിഷ്കാരമാണെന്നത് തെറ്റായ ധാരണയാണ്. അതുപോലെ തന്നെ നിലവിലുള്ള നിയമങ്ങൾ നയപ്പിലാക്കാതിരിക്കുകയോ ഉടമക്ക് അനുകൂലമായി മാത്രം അവ നടപ്പിലാക്കപ്പെടുകയോ ചെയ്യുന്നത് നിയമങ്ങൾ മോശമാണെന്ന് അർത്ഥമാക്കുന്നുമില്ല.

“വെള്ളം ചേർക്കൽ” നടപ്പുരീതിയായി മാറീട്ടുള്ള






നമ്മുടെ രാജ്യത്ത് നിയമങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുന്നതിനുള്ള പഴുതുകൾ കണ്ടെത്തുന്നതിന് തൊഴിലുടമകൾക്ക് ഒരു പ്രയാസവുമില്ല. വിപണിക്ക് അനുസൃതമായി ഉത്പാദനം വർധിപ്പിക്കാനും കുറയ്ക്കുവാനും പറ്റുന്ന തരത്തിൽ തൊഴിലാളികളെ നിയമിക്കുന്നതിനും പിരിച്ച് വിടുന്നതിനും കഴിയാത്തതാണ് വ്യവസായത്തിന്റെയും സംരംഭകത്വത്തിന്റെയും വികസനത്തെ തടസപ്പെടുത്തുന്നത് എന്ന് പൊതുവിൽ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ഇതേ വാദഗതി തന്നെയാണ് ഇപ്പോൾ തൊഴിലാളികളുടെ എല്ലാ സംരക്ഷണങ്ങളും ഒറ്റയടിക്ക് പിൻവലിക്കുന്നതിനെ സാധൂകരിക്കുന്നതിനായും മുന്നോട്ട് വയ്ക്കപ്പെടുന്നത്. എന്നാൽ ഇത്തരം തെറ്റായ പ്രചരണങ്ങൾ നിരന്തരം നടക്കുന്ന നമ്മുടെ രാജ്യത്ത് ഉടമയുടെ ഇംഗിതത്തിനനുസരിച്ച് നിയമനവും പിരിച്ചുവിടലും നിർബാധം നടക്കുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം.

കഴിഞ്ഞ ജൂലൈയിൽ കേന്ദ്ര സർക്കാർ പാർലമെന്റിൽ നൽകിയ ഒരു മറുപടിയിൽ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന കമ്പനികളുടെ 36% വരുന്ന 6.8 ലക്ഷം സ്ഥാപനങ്ങൾ നാളിതുവരെ അടച്ചുപൂട്ടപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുകയുണ്ടായി. തൊഴിൽ നിയമങ്ങൾ അടച്ചുപൂട്ടലുകൾക്ക് തടസമാണ് എന്നപരാതി നിലനിൽക്കുമ്പോൾ തന്നെയാണ് ഇത്രയും കമ്പനികൾക്ക് താഴ് വീണത്. ബാങ്കുകൾക്ക് കിട്ടാക്കടം വരുത്തിവച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഒരു തൊഴിലാളിയെപ്പോലും നിയമിക്കാത്ത നിരവധി കടലാസു കമ്പനികളുമുണ്ട്. ഇൻസോൾവൻസി ആന്റ് ബാങ്ക് റപ്റ്റസി കോഡിനു കീഴിൽ സാധ്യമെങ്കിൽ പുനർജീവിപ്പിക്കുന്നതിനും അല്ലെങ്കിൽ അടച്ചുപൂട്ടുന്നതിനുമായി കൊണ്ടുവരപ്പെടുന്ന ബാങ്ക് വായ്പ തിരിച്ചടക്കാത്ത കമ്പനികൾ കൊടുത്തു തീർക്കേണ്ട ബാധ്യതകളെ മുൻഗണനയനുസരിച്ച് ക്രമീകരിക്കുമ്പോൾ അവ സ്വന്തം ജീവനക്കാർക്ക് നൽകേണ്ട കുടിശികകൾക്കും താഴ്ന്ന പരിഗണനയാണ് ലഭിക്കുന്നത്. നിയമനത്തിന്റെയും പിരിച്ചുവിടലിന്റെയും കാര്യത്തിൽ അവസാന വാക്ക് ആരുടേതാണെന്ന് ഇതിൽ നിന്നെല്ലാം വായിച്ചെടുക്കുവാനാകും.

## തൊഴിലാളികളുടെ അവസ്ഥ

സംഘടിത മേഖലയിൽ പോലും സ്ഥിരം തൊഴിലാളികളേക്കാൾ കരാർ തൊഴിലാളികളുടെ എണ്ണം വളരെ കൂടുതലാണെന്ന് കേന്ദ്ര സർക്കാരിന്റെ കണക്കുകൾ തന്നെ വ്യക്തമാക്കുന്നുണ്ട്. അനൗപചാരിക മേഖലയിലെ അവസ്ഥ ഇതിലും മോശമാണ്. വിള ഉത്പാദനം ഒഴികെയുള്ള കാർഷിക വൃത്തികളിലും കാർഷികേതര തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്ന 71.9% പുരുഷന്മാരും 54.8% സ്ത്രീകളും അനൗപചാരിക മേഖലയിലെ തൊഴിലാളികളാണ്.

കാർഷികേതര മേഖലയിൽ സ്ഥിരം വരുമാനമുള്ള തൊഴിലാളികളിൽ 71.1 ശതമാനത്തിനും ലിഖി



തമായ തൊഴിൽ കരാറുകളില്ല. 54.2 ശതമാനത്തിന് ശമ്പളത്തോടുകൂടിയ അവധിയില്ല. 49.6 ശതമാനത്തിന് യാതൊരു സാമൂഹ്യ സുരക്ഷക്കും അർഹതയില്ല. ഇവരിൽ നിന്ന് എടുത്തുമാറ്റുന്നതിനായി എന്ത് ആനുകൂല്യങ്ങളാണ് അവശേഷിക്കുന്നത്?

## തൊഴിലാളികളുടെ അവകാശങ്ങൾ

മൗലികമായ തൊഴിൽ നിയമങ്ങളുടെ ലംഘനത്തിന് നിയമത്തിന്റെ പിൻതുണ നൽകുന്നതും സംഘടനാ/കൂട്ടവില പേശൽ സ്വാതന്ത്ര്യങ്ങൾക്കു മേൽ കൂച്ചുവിലങ്ങിടുന്നതും അപകടകരങ്ങളായ നീക്കങ്ങളാണ്.

വിശപ്പടക്കാൻ എന്തെങ്കിലും ഒരു മാർഗം തേടുന്ന തൊഴിലാളികൾ ആധുനിക കാലത്തെ വിയർപ്പൂറ്റു ശാലകളിലെ (കുറഞ്ഞ കൂലി, അധിക ജോലി സമയം, അമിത ജോലി ഭാരം എന്നിവ മുഖമുദ്രയായുള്ള ചൂഷണ സ്ഥാപനങ്ങൾ) ജോലി സ്വീകരിക്കാൻ നിർബന്ധിതരായേക്കാം. എന്നാൽ അവർ സംതൃപ്തരായിരിക്കില്ല. അവരുടെ അമർഷം എപ്പോൾ വേണമെങ്കിലും സംഘർഷങ്ങൾക്ക് വഴിയൊരുക്കാം. ഏതാനും വർഷങ്ങൾക്കു മുമ്പ് ദേശീയ തലസ്ഥാന മേഖലയിലെ മാരുതി, ഹോണ്ട മുതലായ കമ്പനികളിൽ തൊഴിൽ തർക്കം തൊഴിലാളികളും മാനേജ്മെന്റും തമ്മിലുള്ള ഏറ്റുമുട്ടലായി പരിണമിച്ചിരുന്നു.

സുതാര്യമായ തൊഴിൽ നിയമങ്ങളും അവയുടെ കർക്കശമായ നടപ്പാക്കലും ഉറപ്പുവരുത്തുന്ന രാജ്യങ്ങൾക്ക് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനാകുന്നു എന്നതാണ് ലോകത്താകെയുള്ള അനുഭവം. തൊഴിൽ നിയമങ്ങൾ വളർച്ചക്ക് തടസമാക്കുന്നു എന്ന പരാതി വികസിത രാജ്യങ്ങളിലെ കോർപറേറ്റുകൾ ഉയർത്തുന്നില്ല. അവിടത്തെ തൊഴിലാളികൾക്ക് മറ്റു രാജ്യങ്ങളിലെ തൊഴിലാളികളേക്കാൾ മെച്ചപ്പെട്ട പരിരക്ഷയാണ് ലഭിക്കുന്നത്. അവരുടെ ഉത്പാദന ക്ഷമതയും ഉയർന്നതാണ്.

തൊഴിൽ നിയമങ്ങൾ റദ്ദാക്കുന്നതിനുള്ള ചില സംസ്ഥാനങ്ങളുടെ നീക്കങ്ങളെ ബിജെപി യുടെ വോട്ട് ബാങ്കായ ബിഐഎംഎആർയു (BIMARU) സംസ്ഥാനങ്ങളിലേക്ക് നിക്ഷേപത്തെ ആകർഷിക്കുന്നതിനായുള്ള പരിശ്രമമായി ചിലർ വിലയിരുത്തുകയാണ്. എന്നാൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെയും മഹാരാഷ്ടയെയും, ഗുജറാത്തിനെയും നിക്ഷേപകർ ഇഷ്ടപ്പെടുന്നതിന് ചില കാരണങ്ങളാണ്. താരതമ്യേന മെച്ചപ്പെട്ട തൊഴിൽ തർക്ക പരിഹാര സംവിധാനങ്ങൾ നിലനിൽക്കുന്ന ഈ സംസ്ഥാനങ്ങൾ (ഗുജറാത്ത് ഒഴികെ) സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങളുടെ അവശേഷിക്കുന്ന ശക്തി കേന്ദ്രങ്ങൾ കൂടിയാണ്. അതുകൊണ്ട് അയഞ്ഞ തൊഴിൽ നിയമങ്ങൾ കാരണമാണ് അവിടങ്ങളിലേക്ക് നിക്ഷേപങ്ങൾ എത്തുന്നത് എന്ന് പറയാനാകില്ല. അവിടത്തെ നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളും വിദ്യാഭ്യാസവും നിപുണതയുമുള്ള തൊഴിൽ ശക്തിയും കാര്യക്ഷമമായ ഭരണ സംവിധാനവും നിക്ഷേപങ്ങളുടെ വരവിന് ശക്തിപകരുന്നുണ്ട്. അതേ സമയം വലിയ തോതിൽ തൊഴിൽ നിയമ പരിഷ്കാരങ്ങൾ നടത്തിയ രാജസ്ഥാനിൽ നിക്ഷേപങ്ങൾ എത്തുന്നില്ല എന്നതും ശ്രദ്ധേയമാണ്.

സംസ്ഥാനങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ നിയമ പരിഷ്കാരങ്ങളെ മറ്റുള്ളവരേക്കാൾ കൂടുതൽ യാഥാർത്ഥ്യബോധമുള്ള ഇന്ത്യൻ വ്യവസായികൾ ഒട്ടും മാന്യതയില്ലാതെ സ്വാഗതം ചെയ്യുന്നത് അമ്പരപ്പുളവാക്കുകയാണ്. തൊഴിലാളികളുടെ വിശ്വാസ്യതയെ തകർത്തു കൊണ്ടും പാവങ്ങളെ ചൂഷണം ചെയ്തു കൊണ്ടും സുസ്ഥിര വികസനം സാധ്യമല്ല എന്ന് അറിയാത്തവരല്ലല്ലോ ഇന്ത്യയിലെ വ്യവസായികൾ. ■



# കൊറോണകളെ പറ്റി തന്നെ

എ.സിയാവുദ്ദീൻ

കൊറോണ വൈറസിനെപ്പറ്റി ഇനി എന്തെഴുതാനാണ്? പത്ര, ദൃശ്യമാധ്യമങ്ങളിൽ, സാമൂഹ്യമാധ്യമങ്ങളിൽ ടൺ കണക്കിന് വിവരങ്ങൾ ഇതിനകം വന്നു കഴിഞ്ഞു. വീട്ടിൽ അടച്ചിരുപ്പായതിനാൽ അവയൊക്കെ കമ്പോടു കമ്പ് വായിക്കാനുമായി. ചാനൽ ചർച്ചകളിൽ ആധികാരികമായി പറയാൻ കഴിയുന്നവരും, വിദഗ്ധരെന്നു സ്വയം ഭാവിക്കുന്നവരും നിരത്തി വച്ച വിജ്ഞാനശകലങ്ങളാകെ കണ്ടു, കേട്ടു. മാസങ്ങളങ്ങനെ നീളുകയാണ്. ഭീതി അകലുന്നില്ല. കൊറോണ ഒരു പരിധി വരെയെങ്കിലും നിയന്ത്രിക്കാനായി എന്നു കരുതിയ ഇടങ്ങളിൽ പോലും അടുത്ത ഘട്ട വ്യാപനം വരുന്നതായ റിപ്പോർട്ടുകൾ വന്നു കൊണ്ടിരിക്കുന്നു. ഈ സ്ഥിതി നീണ്ടു പോയേക്കാം എന്നാണ് WHO നൽകുന്ന സൂചനകൾ.

ഈ യാത്ര എന്ന്, എവിടെ അവസാനിക്കുമെന്ന് ആർക്കും പ്രവചിക്കാനാവാത്ത അന്തരീക്ഷം. ലോകമാകെ, മനുഷ്യ സമൂഹത്തിൽ, മനുഷ്യ ജീവിതത്തിൽ ഈ വൈറസ് തേരോട്ടം സൃഷ്ടിക്കാൻ പോകുന്ന ആഘാതം കണക്കാക്കാറായിട്ടില്ല. ഒരു കാര്യം തീർച്ചയാണ്. വരും നാളുകൾ മഹാമാരിക്കു മുൻപും പിൻപും എന്ന രീതിയിൽ രണ്ടു സംവിധാനവും രണ്ടു ജീവിത ശൈലികളുമായി വേറിടുമെന്നുറപ്പാണ്. നോക്കൂ! നൊടിയിടയിൽ ലോകമാകെ നാമിന്ന് മുഖം നഷ്ടപ്പെട്ട മാസ്ക് ധാരികളായി മാറിയിരിക്കുന്നു.

നമ്മുടെ കൊച്ചു സംസ്ഥാനത്ത് കൊറോണ നേരിടാൻ നടത്തിയ മുന്നൊരുക്കങ്ങൾ ,രോഗികൾക്കു നൽകിയ പരിരക്ഷണം, രോഗ വ്യാപനം തടയാനെടുത്ത പഴുതടച്ച നടപടികൾ, ആരോഗ്യ വകുപ്പ്, പോലീസ്, തദ്ദേശ സ്ഥാപനങ്ങൾ, ആരോഗ്യമന്ത്രിയടക്കമുള്ള മന്ത്രിമാർ, ജനപ്രതിനിധികൾ, എല്ലാവരും ഒന്നിച്ച് ഒരു മനസ്സോടെ എണ്ണയിട്ട യന്ത്രം പോലെ മുന്നോട്ടു നീങ്ങി. സർവോപരി എല്ലാവരെയും കൂട്ടിയിണക്കി നീങ്ങുന്നതിനൊപ്പം ദിവസേനയെന്നോണം സർക്കാർ ചെയ്തു കൊണ്ടിരിക്കുന്ന ഏറ്റവും പുതിയ വിവരം വരെ ജനങ്ങൾക്ക് നേരിൽ നൽകി എല്ലാവരിലും ആത്മവിശ്വാസം പകരുന്ന ടീം ക്യാപ്റ്റനായി മുഖ്യമന്ത്രിയും. നിർദേശങ്ങൾ ഏറ്റെടുക്കാൻ പൂർണ സന്നദ്ധതയോടെ ജനങ്ങൾ. കേരളം വരച്ചിട്ട ഈ മാതൃക ഇന്ന് ലോകമാകെ ചർച്ച ചെയ്യുന്നു. ഈ പ്രവർത്തന ശൈലിയുടെ അടിവേരുകൾ എവിടെയെന്നും എന്തുകൊണ്ട് ഇത് ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തത പുലർത്തുന്നുവെന്നുമുള്ള ചർച്ചയിലേക്ക് പക്ഷെ അവരാരും പോകുന്നില്ല. അത് ആകസ്മികമല്ല. അങ്ങനെ ചർച്ച പോയാൽ അധികാര വികേന്ദ്രീകരണം, ജനകീയാസൂത്രണം ,ജനകീയ ആരോഗ്യ പദ്ധതികൾ, ജനമൈത്രി പോലീസ്, കുടുംബശ്രീ സംവിധാനം, സാക്ഷരതാ പ്രസ്ഥാനം എന്നിങ്ങനെ താഴെ തട്ടിൽ ജനപങ്കാളിത്തം അർഥവത്താക്കാൻ കഴിഞ്ഞതിന്റെ ഫലമാണ് ഈ ഒത്തൊരുമയും അതിന്റെ വിജയവുമെന്ന് കാണാം. ഇതൊക്കെ അംഗീകരിച്ചാൽ പിന്നെ ഇവിടെ ഭരണം നടത്തിയ ഇടതുപക്ഷ സർക്കാരുകളുടെ മേന്മ അംഗീകരിക്കേണ്ടി വരും. അതിനു നേതൃത്വം നൽകുന്ന ഇടതു പക്ഷത്തെ അഭിനന്ദിക്കേണ്ടി വരും. അത് അൽപ്പം വിഷമമുള്ള കാര്യമാണ്. അതിനാൽ അവിടം വച്ച് അടിവരയിടുന്നു എന്നു മാത്രം.

ഈ പുരകത്തലിനിടയിൽ ചിലർ കാട്ടിക്കൂട്ടുന്ന ‘പ്രതിപക്ഷ ധർമം’ പരാമർശിക്കാതെ വയ്യ. പ്രതിപക്ഷ രാഷ്ട്രീയ പ്രവർത്തനമെന്നാൽ സർക്കാർ ചെ

യ്യുന്ന എന്തിനെയും എതിർക്കലാണെന്ന് ധരിച്ചു വശായ ചിലർ മരത്തിന്റെ മുകളിൽ കയറി ഇരിക്കുന്ന കൊമ്പു വെട്ടുന്ന പണി ചെയ്തു കൊണ്ടിരിക്കുന്നു. 'ജീവൻ പോയാലുണ്ണികളെ, പുനരുണ്ടാവില്ല' എന്ന പാഠം പള്ളിക്കൂടം മുതൽ പഠിച്ചവരാണ് ഇപ്പണി കാട്ടുന്നത്. അത് തിരിച്ചറിയാൻ മാത്രം വിവരം കെട്ടവരാണ് മലയാളികൾ എന്ന് ഇവർ ധരിച്ചുവോ? ഇങ്ങനെയുള്ള ഒരു സന്നിഗ്ധ ഘട്ടത്തിൽ സർക്കാരിനും ജനങ്ങൾക്കും ഒപ്പം നിന്ന് അനുഭാവം പിടിച്ചുപറ്റാനുള്ള അവസരമാണ് അവർ നഷ്ടപ്പെടുത്തിയത്. കൊറോണ കഴിഞ്ഞൊരു കാലം പിന്നെയും വരുമെന്നവർ മറന്നു പോലെ. Tom foolery എന്ന പ്രയോഗത്തിന് ആന മണ്ടത്തരം, അല്ലെങ്കിൽ മരമണ്ടത്തരം എന്നു പറയാമെങ്കിൽ അതല്ലേ അവർ ചെയ്തു കൊണ്ടിരിക്കുന്നത്? കവല പ്രസംഗ രീതിയിൽ ചൂടു തട്ടിയാൽ കൊറോണ ചത്തോളും എന്നൊക്കെ പറഞ്ഞത് നിയമസഭാ രേഖകളിലുണ്ട്. മണ്ടത്തരത്തിന്റെ മകുടോദാഹരണങ്ങളായി ഭാവി തലമുറ അത് എടുത്തുകാട്ടുമെന്ന് ഉറപ്പ്. ഒരു മെഡിക്കൽ ബിരുദധാരിയായ മാന്യൻ രാഷ്ട്രീയക്കാരനായാൽ താൻ നേടിയ ശാസ്ത്രീയ അറിവിനു തികച്ചും വിരുദ്ധമായ കാര്യങ്ങൾ വിളിച്ചു പറഞ്ഞ് ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുന്നത് മെഡിക്കൽ ധാർമികതക്ക് യോജിച്ചതല്ല എന്നു തിരിച്ചറിയാനുള്ള വിവേകമെങ്കിലും വേണ്ടതല്ലേ?



ഇത്തരം വാചകമേളകളുടെ അടുത്ത പടി അതിലും വിസ്മയകരമാണ്. രോഗവ്യാപനം തടയാൻ അന്താരാഷ്ട്ര തലത്തിൽ WHO നിർദേശിച്ച ക്വാറന്റൻ വ്യവസ്ഥകൾ പാലിച്ച് ചിട്ടയായി കാര്യങ്ങൾ നീക്കാൻ സർക്കാരും ജനങ്ങളും ഒത്തു പിടിക്കുമ്പോഴാണ് ഒരു പാർലമെന്റംഗം ഇതര സംസ്ഥാനത്തു നിന്നു വരുന്നവരെ പ്രളയകാലത്തു ചെയ്തതുപോലെ സ്കൂളിൽ താമസിപ്പിക്കാത്തതിന് സംസ്ഥാന സർക്കാരിനെതിരെ വടിയോങ്ങുന്നത്. (ഇതു കണ്ട ഒരു സുഹൃത്ത് 'പാട്ടു പാടാനറിയാം...... എന്ന സിനിമാ പാട്ടിലെ വരികളുദ്ധരിച്ചത് ഓർമിച്ചു പോകുന്നു). തീർന്നില്ല. അതിർത്തിയിൽ നിയന്ത്രണമില്ലാതെ, വ്യവസ്ഥകളും നിർദേശങ്ങളുമവഗണിച്ച് കടന്നു വന്ന ഒരു കൂട്ടമാളുകളുടെ മധ്യത്തിൽ കടന്നു നിന്ന് മുൻ കരുതൽ പ്രോട്ടോകോളുകൾ വെല്ലുവിളിച്ച് സംസ്ഥാന സർക്കാരിനെയും രാപകലെന്നോണം പണിയെടുക്കുന്ന ഉദ്യോഗസ്ഥരെയും ആക്ഷേപിക്കുന്നു. പാസില്ലാതെ ഞാൻ ആളെ കടത്തിയെന്ന് തെരുവു റൗഡിയുടെ മട്ടിൽ ഒരു ജന പ്രതിനിധി വീമ്പിളക്കുന്നു.

ചില ബഹുമാന്യരുടെയൊക്കെ നിലവാരം ഇത്രയേ ഉള്ളു എന്ന് മനസ്സിലാക്കാൻ അവസരമുണ്ടായല്ലോ. അതിൽ സന്തോഷിക്കാം.

ഇതൊക്കെ ചിന്ന അങ്കം. ഇതിലും 'മ്മിണി' വലിയ അങ്കമാണ് അന്താരാഷ്ട്ര തലത്തിൽ. കൊറോണ വൈറസിന്റെ ജൻമദേശം ചൈനയിൽ. ചൈന അത് വുഹാനിലെ പരീക്ഷണശാലയിൽ ജന്മം നൽകി പുറത്തേക്ക് പറഞ്ഞു വിട്ടതാണെന്ന കാര്യത്തിൽ ശ്രീമാൻ ട്രംപിന് ലവലേശം സംശയമില്ല. അതിനെന്താ തെളിവെന്നൊന്നും ഏമാനോട് ചോദിച്ചേക്കരുത്. കഥയിൽ ചോദ്യമില്ല. കൊറോണക്ക് ഒരു ഓമനപ്പേരും നൽകി. ചൈനീസ് വൈറസ്. തെളിവെവിടെ എന്ന് WHO ചോദിച്ചപ്പോൾ ടിയാന് ശുണ്ഠിയായി. അവർക്കുള്ള സഹായം പിൻവലിച്ചു. വിവിധ രാജ്യങ്ങളിലെ ശാസ്ത്രജ്ഞർ ഇത് പരീക്ഷണശാലയിൽ നിന്ന് പുറത്തു വന്നതല്ലെന്ന് പറഞ്ഞത് ട്രംപ് പുച്ഛിച്ചു തള്ളി. വൈറസ് വുഹാനിൽ വ്യാപിച്ച വിവരം മറച്ചു വച്ചു, മറ്റു രാജ്യങ്ങളിലേക്ക് പടർന്നശേഷം മാത്രമാണ് വിവരം നൽകിയത് തുടങ്ങി കല്ലുവച്ച നുണകൾ ദൈനം ദിനം തള്ളിവിടുകയാണ്. അമേരിക്കയിലെ ചില സംസ്ഥാനങ്ങൾ ചൈനക്കെതിരെ കേസ് കൊടുത്തിരിക്കുന്നു.അമേരിക്കൻ കോൺഗ്രസിൽ ചൈന നഷ്ട പരിഹാരം നൽകണമെന്നാവശ്യപ്പെടുന്ന പ്രമേയം റിപ്പബ്ളിക്കൻ സെനറ്റർമാർ കൊണ്ടുവരാൻ പോകുന്നു.

വുഹാനിൽ വൈറസ് രോഗം കണ്ടെത്തിയതിനു പിറകെ അതിന്റെ ഘടന വേർതിരിക്കാൻ ചൈന പരീക്ഷണം നടത്തി. വൈറസിന്റെ പകർച്ചാ രീതിയും അതിന്റെ വേഗതയും ഉറപ്പായ ഉടൻ വിവരം WHO യെ അറിയിച്ചു. അതെതുടർന്ന് WHOവിവിധ രാജ്യങ്ങളിലെ പ്രതിനിധികളടങ്ങുന്ന കമ്മിറ്റി വിളിച്ചു. ചൈനീസ് പ്രതിനിധി മാത്രമല്ല അമേരിക്കൻ പ്രതിനിധിയും അതിൽ പങ്കെടുത്തു. ഇതിനിടയിൽ അമേരിക്കയിലെ പ്രമുഖ വൈറോളജി വിദഗ്ധരുമായും ചൈന സമ്പർക്കം പുലർത്തിയിരുന്നു. ഇതിനെല്ലാം രേഖകളുണ്ട്. അതൊന്നും കണ്ടില്ലെന്നു നടിച്ച് മഹാമാരിക്കിടയിലും രാഷ്ട്രീയ സൂത്രവിദ്യ തകർത്താടുകയാണ്.

കൊറോണ വൈറസിന്റെ അപകടം സംബന്ധിച്ച വിവരങ്ങൾ WHO എല്ലാ രാജ്യങ്ങൾക്കും ഉടൻ

കൈമാറി. പ്രതിരോധ രീതികൾ നിഷ്കർഷിച്ച് പ്രൊട്ടോകാൾ പുറത്തിറക്കി.ഇതിലൊന്നും ചൈനക്കെതിരെ മറ്റൊരു രാജ്യവും ഒരാരോപണവും ഉന്നയിച്ചിട്ടില്ല. ചൈനീസ് വിരോധം കത്തിച്ചു നിർത്തി നവംബർ 2 ന് നടക്കേണ്ട തെരഞ്ഞെടുപ്പിൽ കടന്നുകൂടുക എന്ന തന്ത്രമാണ് ട്രംപ് സ്വീകരിച്ചിട്ടുള്ളത്.

ലോകത്ത് വൈറസ് ജന്യ രോഗങ്ങൾ പുതിയതല്ല. കൊറോണ ജനുസ്സിൽ പെട്ട വൈറസ് ബാധ ആദ്യത്തേതുമല്ല.പല തരം വൈറസ് രോഗങ്ങൾ പല രാജ്യങ്ങളിൽ പല ഘട്ടങ്ങളിൽ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. രോഗവ്യാപനവും മരണങ്ങളും നടന്നിട്ടുണ്ട്. വാക്സിൻ വികസിപ്പിച്ച് രോഗവ്യാപനം തടയാനും പ്രതിരോധ മരുന്നുകൾ വികസിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. വിവിധ വൈറസ് രോഗങ്ങളുടെ ലിസ്റ്റ് ഇവിടെ നിരത്തുന്നില്ല. ഒരു ഘട്ടത്തിൽ കേരളത്തിൽ ചിക്കൻ ഗുനിയ വ്യാപകമായി. നിപ്പാവൈറസ് ആക്രമണം നാം നേരിട്ടതാണ്. കൊറോണ വൈറസിനുള്ള പ്രതിരോധ വാക്സിൻ ഇതുവരെ വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അതിന് മറ്റു പ്രതിരോധ മരുന്നുകളും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വൈറസിന്റെ ഘടന വേർതിരിച്ച് വാക്സിൻ കണ്ടെത്താനുള്ള തീവ്ര പരിശ്രമം ശാസ്ത്രജ്ഞർ നടത്തിവരുന്നു.പരീക്ഷണങ്ങൾ അമേരിക്കയിലും ചൈനയിലുമടക്കം നടക്കുന്നുണ്ട്. വാക്സിൻ വേർതിരിക്കാൻ കഴിഞ്ഞാൽ തന്നെ മനുഷ്യരിൽ പ്രയോഗിക്കും മുൻപ് കൈക്കൊള്ളേണ്ട വിവിധ പ്രൊട്ടോക്കോളുകളുണ്ട്. അതിനു ശേഷം മാത്രമേ വൻതോതിലുള്ള ഉൽപാദനത്തിലേക്ക് നീങ്ങാൻ കഴിയൂ. സമയബന്ധിതമായ പ്രതിവിധിയില്ലെന്നർത്ഥം. ഇന്ന് മറ്റു വൈറസ് രോഗങ്ങൾക്ക് ലഭ്യമായ മരുന്നോ അവയുടെ ചേരുവകളോ ആണ് ചികിൽസക്ക് ഉപയോഗിക്കുന്നത്. വാക്സിൻ വികസനം നീണ്ടു പോയേക്കാമെന്ന് ഏറ്റവും അവസാനം പ്രസിദ്ധീകരിച്ച ബുള്ളറ്റിനിൽ WHO പറയുന്നു. ശാസ്ത്രീയ പ്രതിരോധ വാക്സിൻ കണ്ടെത്തുംവരെ രോഗ വ്യാപനം കഴിയുന്നത്ര തടയുക എന്ന മാർഗമേ മുന്നിലുള്ളൂ.

പിന്നെയുള്ള മറ്റൊരു വഴി ശരീരത്തിന്റെ സ്വയം പ്രതിരോധമാണ്. (Herd Immunity). രോഗം വരുമ്പോൾ അക്രമണകാരിയായ വൈറസിനെതിരെ ശരീരത്തിലെ സെല്ലുകൾ സ്വയം പ്രതിരോധ ശക്തിയാർജിക്കുന്നു. ഗണ്യമായ ഒരു വിഭാഗം രോഗബാധിരായി രോഗം ഭേദപ്പെടുന്നതോടെ Herd Immunity മൊത്തത്തിൽ വർധിക്കയും രോഗവ്യാപനത്തോത് കുറഞ്ഞു വരികയും ചെയ്യും.



കോവിഡ് 19 ന്റെ കാര്യത്തിൽ herd immunity യുടെ അളവ് പ്രവചിക്കാറായിട്ടില്ല. മുൻകരുതൽ സൗകര്യങ്ങളുണ്ടായിട്ടും വികസിത രാജ്യങ്ങളിൽ പലതും അതിൽ വേണ്ട അളവിൽ ശ്രദ്ധിക്കാഞ്ഞത് മുൻപു വന്ന സാർസ്, ഇൻഫ്ളുവൻസ രോഗങ്ങളെ പോലെ അത്ര മാരകമാകാതെ Herd immunity നേടാനാകും എന്ന് കരുതാൻ സാധ്യതയുണ്ട്. നിപ്പയടക്കമുള്ള വൈറസുകളെ തുടർന്ന് കൊറോണയുടെ പുതിയ ഒരു രൂപം വരാൻ സാധ്യതയുണ്ടെന്ന് ശാസ്ത്രലോകം സൂചിപ്പിച്ചിരുന്നു.എന്നാൽ അത് ഇത്ര അപകടകാരിയാകുമെന്ന് മുൻകൂട്ടി കാണാൻ കഴിഞ്ഞില്ല. കോവിഡ് 19 ന്റെ കാര്യത്തിൽ അതാണ് സംഭവിച്ചത്. ആരോഗ്യ പരിരക്ഷ പൊതുമേഖലയിലായ ബ്രിട്ടനിൽ പോലും മുന്നൊരുക്കകുറവും തീവ്ര രോഗ വ്യാപനവും ഉണ്ടായത് ഇതിന്റെ മാരകശേഷി കുറച്ചു കണ്ടതു മൂലമായിരിക്കണം

ചൈനയടക്കം സോഷ്യലിസ്റ്റ് രാജ്യങ്ങൾക്ക് മഹാമാരി തടഞ്ഞു നിർത്തി മരണനിരക്ക് പിടിച്ചു നിർത്താൻ കഴിഞ്ഞത് അവിടെ പൊതു നിയന്ത്രണത്തിലുള്ള ആരോഗ്യ സംരക്ഷണം മൂലമാണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. മനുഷ്യ ജീവനെ ബാധിക്കുന്ന ഒരു നിർണായക ഘട്ടത്തിലേക്ക് പൊടുന്നനെ എടുത്തെറിയപ്പെടുമ്പോൾ ജന രക്ഷക്ക് അത്താണി സോഷ്യലിസ്റ്റ് വ്യവസ്ഥ തന്നെയെന്ന് ഈ സന്ദർഭം ലോകത്തോട് വിളിച്ചു പറയുകയാണ്: .ചൈനീസ് വൈറസും വിളക്ക് കൊളുത്തും പാട്ടകൊട്ടയും പൂവിതറലും ഒരു ഭാഗത്ത്. 30 ഡിഗ്രി ചൂടിന്റെ രാഷ്ട്രീയത്തള്ളൽ മറ്റൊരു ഭാഗത്ത്. സ. പിണറായി പറഞ്ഞതുപോലെ ചോര തന്നെ കൊതുകിന്നു കൗതുകം എന്നു കണ്ട് കലമ്പൽ കൂട്ടുന്ന വേറെ ചിലർ ഇനിയൊരു ഭാഗത്ത്. ഇത്തരം കൊറോണ കൾക്കൊക്കെയിടയിൽ ജന പങ്കാളിത്തത്തോടെയുള്ള പൊതുസംവിധാനം മുറുകെപ്പിടിച്ച കേരളത്തിന് ഒരു ബദലായി മാറാൻ കഴിഞ്ഞതിൽ നമുക്കഭിമാനിക്കാം. ■

# 68607 കോടി രൂപയുടെ കിട്ടാക്കടം എഴുതിത്തള്ളിയതിന് പിന്നിലെ യാഥാർത്ഥ്യം

- 50 വൻകിടക്കാരുടെ കിട്ടാക്കടം എഴുതിത്തള്ളിയത് 68,607 കോടി രൂപ.
- കിട്ടാക്കടം എഴുതിത്തള്ളുക എന്നു പറഞ്ഞാൽ പൂർണ നഷ്ടമായി കണക്കാക്കി 100 ശതമാനവും ബാ ങ്കിന്റെ ബാലൻസ് ഷീറ്റിൽ നിന്ന് എഴുതിത്തള്ളുക എന്നതാണ്.
- ലാഭമുള്ള ബാങ്ക് ആണെങ്കിൽ എഴുതിത്തള്ളുന്ന അത്രയും തുക ആ ബാങ്കിന്റെ ലാഭത്തിൽ കുറവായി കാണും. ലാഭമില്ലാത്ത ബാങ്കുകളാണെങ്കിൽ, ബാങ്കിന്റെ നഷ്ടമായി ബാലൻസ്ഷീറ്റിൽ പ്രത്യക്ഷപ്പെടും.
- ഇങ്ങനെ എഴുതിത്തള്ളുന്ന വായ്പകൾ തിരിച്ചു പിടിക്കാൻ ബാങ്കുകൾ ശ്രമം നടത്താറുണ്ട്. എന്നാൽ തിരികെ കിട്ടുന്നത് വളരെ തുച്ഛമായ തുകയാണ് എന്നാണ് അനുഭവം.

2014-15 മുതൽ 2017-18 വരെ എഴുതിതള്ളിയ വായ്പകളും തിരിച്ചുകിട്ടിയ തുകയും താഴെ ചാർട്ടിൽ കാണിക്കുന്നു.

| വർഷം | എഴുതിത്തള്ളിയ വായ്പ (കോടിയിൽ) | തിരിച്ച് പിടിച്ച തുക (കോടിയിൽ) |
|---|---|---|
| 2014-15 | 49018 | 5461 |
| 2015-16 | 57585 | 8096 |
| 2016-17 | 81683 | 8680 |
| 2017-18* | 84272 | 7106 |
| ആകെ | 2,72,558 | 29,343 |

*2017 ഡിസംബർ വരെയുള്ള കണക്ക്.

**(കിട്ടാക്കടങ്ങളെക്കുറിച്ച് പഠനം നടത്തുന്ന വിവേക് കൗളിന് രാജ്യസഭയിൽ നിന്ന് ലഭിച്ച മറുപടിയിൽ നിന്നാണ് വിവരം)**

എഴുതിത്തള്ളിയ 2,72,558 കോടി രൂപയിൽ 29,343 കോടി രൂപ മാത്രമാണ് തിരിച്ചു പിടിക്കാൻ കഴിഞ്ഞത്. അതായത് കിട്ടാക്കടത്തിന്റെ 10.8% മാത്രം.
ഇങ്ങനെ തിരിച്ചു കിട്ടിയ കിട്ടാക്കടത്തിന്റ് ഭൂരിഭാഗവും ചെറുകിട വ്യവസായങ്ങളുടെ വായ്പകളിൽ നിന്നാണ്.



## ഇൻസോൾവൻസി ആന്റ് ബാങ്ക്റപ്സി കോഡ്(Insolvency and Bankruptcy Code-IBC) പ്രകാരം തിരിച്ചു കിട്ടിയത് 52.8% മാത്രം.

- 2016 ൽ ബിജെപി സർക്കാർ കിട്ടാക്കടങ്ങൾ തിരിച്ചു പിടിക്കാൻ ഇൻസോൾവൻസി ആന്റ് ബാങ്ക്റപ്സി കോഡ്(Insolvency and Bankruptcy Code-IBC) എന്ന പുതിയ നിയമം കൊണ്ടുവന്നു.
- ഇൻസോൾവൻസി ആന്റ് ബാങ്ക്റപ്സി കോഡ്(Insolvency and Bankruptcy Code-IBC) നിയമ പ്രകാരം കിട്ടാക്കടങ്ങൾ നാഷണൽ കമ്പനി ലോ ട്രിബ്യൂണിലേക്ക് (NCLT) റഫർ ചെയ്യും.
- നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ (NCLT) ആണ് കിട്ടാക്കടങ്ങൾ തിരിച്ചുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത്.
- 2017 ൽ 12 വൻകിട സ്ഥാപനങ്ങളുടെ കേസുകൾ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിലേക്ക് റഫർ ചെയ്യിരുന്നു. അതിൽ 7 കേസുകൾ മാത്രമാണ് തീരുമാനമായത്. 5 കേസുകൾ ഇനിയും തീരുമാനമായില്ല.

### തീരുമാനമായ കേസുകളുടെ വിശദാംശങ്ങൾ

| വായ്പ എടുത്ത കുത്തക കമ്പനി | കിട്ടാനുള്ള തുക | കിട്ടിയ തുക | തിരിച്ച് കിട്ടിയതിന്റെ% | ഏറ്റെടുത്ത കമ്പനി |
|---|---|---|---|---|
| ഏലക്ട്രോ സ്റ്റീൽസ് ലി. | 13175 | 5320 | 40.38% | വേദാന്ത ലി. |
| ഭൂഷൺ സ്റ്റീൽ ലി. | 56022 | 35571 | 63.5% | ബാംനിപാൽ സ്റ്റീൽ ലി. |
| മോണെറ്റ് ഇസ്പാറ്റ് എനർജി ലി. | 11015 | 2892 | 26.26% | ജെ.എസ്.ഡബ്ല്യൂ: ഐെയോൺ കൺസോർഷ്യം |
| എസ്സാർ സ്റ്റീൽ | 49473 | 41018 | 82.91% | ആർസ്സർ മിത്തൽ ഇന്ത്യ പ്രൈ. ലി. |
| അലോക് ഇൻഡസ്ട്രീസ് | 29523 | 5052 | 17.11% | റിലയൻസ് ഇൻഡസ്ട്രീസ് ജെ.എം. ഫൈനാൻഷ്യൽ ARCലി. |
| ജ്യോതി സ്ട്രക്ചേഴ്സ് ലി. | 7365 | 3691 | 50.12% | ശരത് സാങ്ഹിയുടെ നേതൃത്വത്തിലുള്ള ഗ്രൂപ്പ് |
| ഭൂഷൺ പവർ&സ്റ്റീൽ ലി. | 47158 | 19350 | 41.03% | ജെ.എസ്.ഡബ്ല്യൂ. ലി. |
| ആകെ | 213731 | 112894 | 52.82% | |

**(അവലംബം: ഐ.ബി.സി ന്യൂസ് ലെറ്റർ ഒക്ടോബർഡിസംബർ 2019)**

- 7 കേസുകളിൽ മൊത്തം കിട്ടാക്കടമായ 2,13,731 കോടി രൂപയിൽ 1,12,794 കോടി രൂപ മാത്രമാണ് തിരിച്ചുകിട്ടിയത്. അതായത് 52.8 %
- മേൽക്കാണിച്ച ചാർട്ടിൽ നിന്ന് മനസിലാകുന്നതു പോലെ അലോക് ഇൻസ്ട്രീസിന്റെ തിരിച്ചു കിട്ടിയ കടം 17.11 ശതമാനം മാത്രം.
- ഈ നഷ്ടമെല്ലാം വഹിക്കുന്നത് ബാങ്കുകളാണ്. ബാങ്കുകളുടെ ലാഭം ഇതിന്റെ ഫലമായി തുടച്ചു നീക്കപ്പെടുന്നു. യഥാർത്ഥത്തിൽ പൊതുജനങ്ങളുടെ പണമാണ് ഇങ്ങനെ കൊള്ളയടിക്കപ്പെടുന്നത്. ■

# കങ്കാണിമാരുടെ കൈകളിലേക്ക് തൊഴിലാളികളെ എറിഞ്ഞുകൊടുക്കാനാവില്ല

Dr. തോമസ് ഐസക്ക്



ലോകത്തെ വിറങ്ങലിപ്പിച്ച മഹാമാരിയെ ഇന്ത്യ കണ്ട ഏറ്റവും വലിയ തൊഴിലവകാശലംഘനം നടത്താനുള്ള ഉപാധിയാക്കി മാറ്റുകയാണ് ബിജെപി മുഖ്യമന്ത്രിമാർ. പകർച്ചവ്യാധിയുടെ പേരുപറഞ്ഞ് യുപി, മധ്യപ്രദേശ് സർക്കാരുകൾ നിലവിലുള്ള തൊഴിൽ നിയമങ്ങൾ ഓർഡിനൻസ് ഇറക്കി റദ്ദാക്കിയിരിക്കുകയാണ്. യുപിയിൽ മൂന്നു വർഷത്തേയ്ക്കാണ് തൊഴിലാളികളുടെ അവകാശങ്ങൾ മരവിപ്പിച്ചിരിക്കുന്നത്. മധ്യപ്രദേശിൽ ആയിരം ദിവസത്തേയ്ക്കും. ഗുജറാത്ത്, ഹരിയാന സർക്കാരുകൾ താമസിയാതെ ഇതുപോലെ ഓർഡിനൻസുകൾ പുറപ്പെടുവിക്കാൻ പോവുകയാണ്. റദ്ദാക്കിയ തൊഴിൽ വ്യവസ്ഥയിൽ ഏറ്റവും പ്രധാനം വേല സമയം തന്നെ. ദിവസവും എട്ടുമണിക്കൂറും ആഴ്ചയിൽ നാൽപ്പത്തെട്ടു മണിക്കൂറുമേ പണി ചെയ്യിക്കാവൂ എന്ന നിബന്ധന തൊഴിലുടമകൾ ഇനി പാലിക്കേണ്ടതില്ല. ഇനിമേൽ ആഴ്ചയിൽ 72 മണിക്കൂർ ഒരു ദിവസം 12 മണിക്കൂർ വരെ എന്നാണ് നിയമം. തൊഴിൽ സമയം ഇനി തൊഴിലുടമ തീരുമാനിക്കും. ഈ അവകാശം തൊഴിലുടമയ്ക്ക് കൊടുത്ത സർക്കാർ, കൃത്യമായി ശമ്പളം കൊടുക്കണമെന്ന വ്യവസ്ഥ മരവിപ്പിച്ചും കൊടുത്തു.

അതെ യോഗി ആദിത്യരാജിന്റെ സർക്കാർ പേമെന്റ് ഓഫ് വേജസ് ആക്ടിലെ സെക്ഷൻ അഞ്ച് മരവിപ്പിച്ചിരിക്കുകയാണ്. അതായത് പണിയെടുത്താൽ തൊഴിലാളിയ്ക്ക് യഥാസമയം കൂലി കൊടുക്കണമെന്ന വ്യവസ്ഥ. എന്നുവെച്ചാൽ ചിലപ്പോൾ പണി മാത്രമേ ഉണ്ടായെന്നു വരൂ. കൂലി ചോദിച്ചു ചെല്ലരുത്. ചെന്നാലും തരാൻ തൊഴിലുടമ ബാധ്യസ്ഥനല്ല. അതിന്റെ പേരിൽ പരാതിയോ കേസോ കൊടുക്കാനും അവകാശമില്ല.

1948 ലെ ഫാക്ടറി ആക്ട് ഏതാണ്ട് പൂർണ്ണമായും സസ്പെന്റ് ചെയ്യപ്പെട്ടിരിക്കുന്നു. ആരെ വേണെങ്കിലും നിയമിക്കാം, പിരിച്ചുവിടാം. ഇനിമേൽ തൊഴിലാളികളുടെ രജിസ്റ്റർ സൂക്ഷിക്കണ്ട. ഫാക്ടറി സന്ദർശിക്കുന്ന ലേബർ ഇൻസ്പെക്ടർമാർ ഉണ്ടാവില്ല. തൊഴിൽ വ്യവസ്ഥകൾ സംബന്ധിച്ച് തൊഴിലുടമ തന്നെ സ്വയം അറ്റസ്റ്റ് ചെയ്ത റിപ്പോർട്ട് നൽകിയാൽ മതി. ഇത് ശരിയാണോയെന്ന് പരിശോധിക്കാൻ തൊഴിലുടമകൾ തന്നെ നിശ്ചയിക്കുന്ന ഒരു തേർഡ് പാർട്ടി ഇൻസ്പെക്ഷൻ മതി.

ചുരുക്കത്തിൽ 2019ൽ ഇന്ത്യാ സർക്കാർ പരിശ്രമിച്ച് പരാജയപ്പെട്ട നിയമനിർമ്മാണം പകർച്ചവ്യാധിയുടെ മറവിൽ നടപ്പാക്കുകയാണ് ബിജെപി സംസ്ഥാന സർക്കാരുകൾ. കഴിഞ്ഞ വർഷം കേന്ദ്ര സർക്കാർ 44 തൊഴിൽ നിയമങ്ങളെ ഏകോപിപ്പിച്ച് ഒരു ഏകീകൃത തൊഴിൽ കോഡ് നിയമം പാസ്സാക്കാൻ തീരുമാനിച്ചു. ഇതോടെ നാലു കാര്യങ്ങൾ

സംബന്ധിച്ച് അതായത്, 1) കൂലി, 2) തൊഴിൽബന്ധങ്ങൾ, 3) സാമൂഹ്യസുരക്ഷ, 4) തൊഴിൽആരോഗ്യം എന്നിവ സംബന്ധിച്ച രാജ്യത്ത് പുതിയ ഏകീകൃത നിയമം വരും. ഇതിനു വിരുദ്ധമായിട്ടുള്ള സംസ്ഥാന മിനിമംകൂലി നിയമങ്ങളും തൊഴിൽത്തകർക്ക നിയമങ്ങളുമെല്ലാം റദ്ദാക്കപ്പെടും. ലക്ഷ്യം വളരെ വ്യക്തമായിരുന്നു തൊഴിൽ നിയമങ്ങൾ ലഘൂകരിക്കുക; തൊഴിൽഭാരവും തൊഴിൽസമയവും ഉയർത്തുകയും കൂലി കുറയ്ക്കുകയും ചെയ്യുക; നിയമനത്തിനും പിരിച്ചുവിടലിനും തൊഴിലുടമകൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുക. ഇവയൊക്കെ ചെയ്താലേ രാജ്യത്ത് നിക്ഷേപം വർദ്ധിക്കൂ എന്നതായിരുന്നു ഇവർ പറയുന്ന ന്യായം.

ഇതിനെതിരെ എല്ലാ ദേശീയ ട്രേഡ് യൂണിയനുകളും ഒന്നിച്ച് അണിനിരന്നു. ബിഎംഎസ്സിനുപോലും മാറി നിൽക്കാനായില്ല. അങ്ങനെ ബിജെപിയുടെ ലേബർ കോഡ് കൂടുതൽ ചർച്ചയ്ക്ക് മാറ്റിവയ്ക്കേണ്ടിവന്നു.

യുപി, മധ്യപ്രദേശ് ഓർഡിനൻസ് പ്രകാരം തൊഴിലവകാശങ്ങളൊന്നും മാനിക്കേണ്ട ബാധ്യത ഇനി തൊഴിലുടമകൾക്കില്ല. യഥേഷ്ടം പിരിച്ചുവിടാം, പണിക്കാർക്ക് നക്കാപ്പിച്ചാ കൂലി തീരുമാനിക്കാം. ആനുകൂല്യങ്ങൾ വേണ്ടെന്നു വെയ്ക്കാം. ആർക്കും പരാതിപ്പെടാൻ അവകാശമില്ല. നാവടക്കി, കിട്ടുന്ന കൂലിയും വാങ്ങി എല്ലു മുറിയെ പണിയെടുക്കുക. അങ്ങനെയൊരു അന്തരീക്ഷമുണ്ടാക്കിയാൽ നിക്ഷേപം പെരുകുമത്രേ. തൊഴിലവസരങ്ങൾ കുതിച്ചുയരുമത്രേ.പഴയ കങ്കാണിമാരെക്കാൾ നികൃഷ്ടരാണ് പുതിയ പരിഷ്കർത്താക്കൾ. ഒരു നൂറ്റാണ്ടു കൊണ്ട് ഇന്ത്യയിലെ തൊഴിലാളികൾ സമരം ചെയ്തു നേടിയ അവകാശങ്ങൾ എത്ര ദയാരഹിതമായിട്ടാണ് ബിജെപി ഭരണത്തിലുള്ള സംസ്ഥാന സർക്കാരുകൾ അസാധുവാക്കിയത്. അരപ്പട്ടിണിയിൽ കഴിയുന്നവരുടെ അരിക്കലം പിടിച്ചു പറിക്കുന്ന ക്രൂരത. ഇതു ചെയ്യാൻ ബിജെപിയ്ക്കേ കഴിയൂ.

ചൈനയിൽ നിന്നും പിൻവാങ്ങുന്ന നിക്ഷേപകരെ ആകർഷിക്കാനാണ് ഈ നടപടിയെന്നാണ് ബിജെപി പറയുന്നത്. ചൈനയുടെ ആകർഷകത ഇപ്പോൾ കുറഞ്ഞ കൂലിയല്ല. വ്യവസായ പശ്ചാത്തലസൗകര്യങ്ങളിൽ കഴിഞ്ഞ കാൽനൂറ്റാണ്ടിൽ നടത്തിയിട്ടുള്ള അതിഭീമമായ നിക്ഷേപങ്ങളാണ്. കൂലി കുറച്ചതുകൊണ്ടും തൊഴിലവകാശങ്ങൾ റദ്ദാക്കിയതുകൊണ്ടും നിക്ഷേപകർ ഇങ്ങോട്ടു വരണമെന്നില്ല. അതിനിടയിൽ തൊഴിലവകാശങ്ങൾക്കു നേരെയുള്ള ഈ നീക്കം ഇന്ത്യയിലെ പ്രതിസന്ധി കൂടുതൽ മൂർച്ഛിപ്പിക്കും. ഇവയുടെ ആത്യന്തികഫലം ദേശീയവരുമാനത്തിൽ കൂലിയുടെ വിഹിതം ഗണ്യമായി കുറയുകയായിരിക്കും. ഇത് വാങ്ങൽ കഴിവിനെ പ്രതികൂലമായി ബാധിക്കും. രാജ്യത്തെ സാമ്പത്തികമാന്ദ്യത്തെ രൂക്ഷമാക്കും.

പകർച്ചവ്യാധിയുടെ കാലം തൊഴിലവകാശങ്ങൾ മരവിപ്പിക്കാനുള്ള അവസരമാക്കിയ ബിജെപിയ്ക്കെതിരെ അതിശക്തമായ ജനവികാരമുയരണം. കേരളത്തിലെ തൊഴിൽ മന്ത്രി ഈ നീക്കത്തെ അപലപിക്കുകയും കേരളം ഒരുകാലത്തും ഇത്തരം നടപടികൾ സ്വീകരിക്കുകയില്ലായെന്നും അർത്ഥശങ്കയില്ലാതെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇരുട്ടത്ത് കണ്ണു കുത്തിപ്പൊട്ടിക്കുന്ന ഈ ക്രൂരതയ്ക്കെതിരെ ഇന്ത്യ ഒറ്റക്കെട്ടായി പ്രതികരിക്കണം. കൊടുംക്രൂരത കൊണ്ട് തൊഴിലാളികളെ അടക്കിഭരിച്ച പഴയ കങ്കാണിമാരുടെ കൈകളിലേയ്ക്ക് ഇന്ത്യയിലെ വ്യവസായമേഖലയെ വീണ്ടും എറിഞ്ഞുകൊടുക്കാനാവില്ല. ■



# കോവിഡ് 19 പാക്കേജിലൂടെ കുത്തക പ്രീണനം

ജോസ്. ടി. എബ്രഹാം




പ്രധാനമന്ത്രി നരേന്ദ്ര മോഡി മെയ് 12ാം തീയതി പ്രഖ്യാപിച്ച് ധനമന്ത്രി നിർമല സീതാരാമൻ 5 ദിവസം കൊണ്ട് ഘട്ടങ്ങളായി വിശദാംശങ്ങൾ പുറത്തുവിട്ട 20 ലക്ഷം കോടി രൂപയുടെ കോവിഡ് പ്രതിരോധ പാക്കേജ് യഥാർത്ഥത്തിൽ ഒരു കോവിഡ്കാല പ്രതിരോധ പാക്കേജല്ല എന്നു പറയേണ്ടി വരും. യുപിഎ സർക്കാർ തുടങ്ങിവച്ച്, ബിജെപി സർക്കാർ 2014 മുതൽ അതിവേഗം നടപ്പാക്കി വരുന്ന നവലിബറൽ നയങ്ങളുടെ ഒരു തുടർ കഥയാണ് അഞ്ചു ദിവസം കൊണ്ട് നിർമല സീതാരാമൻ പറഞ്ഞത്.

ഇന്ത്യയുടെ ജിഡിപിയുടെ 10% വരുന്ന 20 ലക്ഷം കോടിയുടെ പാക്കേജെന്നും, "ആത്മനിർഭർ ഭാരത് പാക്കേജ്" എന്നുമൊക്കെ മോഡി ഉറക്കെ സ്വതസിദ്ധമായ ശൈലിയിൽ പ്രഖ്യാപിച്ചപ്പോൾ എല്ലാ മേഖലയിലും പെട്ടവർ വലിയ പ്രതീക്ഷയിലായിരുന്നു. വ്യാപാരികളും വ്യവസായികളും തൊഴിലാളികളും കൃഷിക്കാരും എല്ലാം അവരവുടെ അടിയന്തിര പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തിര നടപടികളുണ്ടാകും എന്നു വ്യാമോഹിച്ചു. എന്നാൽ വ്യാമോഹങ്ങളെല്ലാം അസ്ഥാനത്തായി എന്നാണ് പ്രഖ്യാപനം കഴിഞ്ഞപ്പോൾ വ്യക്തമായത്.

ഇന്ത്യയുടെ ജിഡിപി 2019 ൽ 2.94 ട്രില്യൻ ഡോളർ, അല്ലെങ്കിൽ ഏകദേശം 206 ട്രില്യൻ രൂപ (1 ട്രില്യൻ= 1 ലക്ഷം കോടി)യായിരുന്നു. അതിന്റെ 10% ആയ ഏകദേശം 20 ലക്ഷം കോടി രൂപ സർക്കാർ ചിലവാക്കും എന്നാണ് പ്രഖ്യാപിച്ചത്. കോവിഡ് പ്രതിസന്ധിയിൽ ഇന്ത്യൻ സമ്പദ്ഘടനക്ക് 15 മുതൽ 20 ലക്ഷം കോടി രൂപയുടെ നഷ്ടമുണ്ടാകും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. മഹാമാരി നീണ്ടു നിൽക്കുകയും തീവ്രവാകുകയും ചെയ്താൽ അതിനിയും കൂടും. ധനമന്ത്രിയുടെ അഞ്ചുദിവസത്തെ പ്രഖ്യാപനം കഴിഞ്ഞപ്പോഴാണ് കണക്കിലെ കളി പുറത്തുവന്നത്. 20 ലക്ഷം കോടി രൂപയിൽ 8 ലക്ഷം കോടി രൂപ റിസർവ് ബാങ്ക് വക, ബാക്കി നല്ലൊരു പങ്ക് സാത്തിക സ്ഥാപനങ്ങളിൽ നിന്നും വായ്പ. അവസാനം കൂട്ടികിഴിച്ചു വരുമ്പോൾ മുൻ ധനമന്ത്രി ചിദംബരത്തിന്റെ കണക്കനുസരിച്ച് 1,86,650 കോടി രൂപയാണ് കേന്ദ്ര സർക്കാർ ചിലവാക്കുന്നത്. അത് ജിഡിപിയുടെ 0.91 ശതമാനം വരും. ധനമന്ത്രിയുടെ അഞ്ചു ദിവസത്തെ പ്രഖ്യാപനങ്ങളിൽ ഉണ്ടായിരുന്ന പല പദ്ധതികളും കഴിഞ്ഞ ബഡ്ജറ്റിൽ തന്നെ തുക വിലയിരുത്തിയവയാണ്.

മൊത്തം പ്രഖ്യാപനമെടുത്താൽ കോവിഡ് 19 ന്റെ ആഘാതത്തിൽ ദുരിതത്തിലായ ജനവിഭാഗങ്ങൾക്ക്, തൊഴിലാളികൾക്ക് അതിൽ തന്നെ കുടിയേറ്റ തൊഴിലാളികൾക്ക് ആശ്വാസമേകുന്ന ഒരു നടപടിയും ഇല്ല.

## കുടിയേറ്റ തൊഴിലാളികൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ല്

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് കുടിയേറ്റ തൊഴിലാളികൾ. ഒരു കണക്കനുസരിച്ച് ഇന്ത്യൻ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 10% (ജിഡിപി) കുടിയേറ്റ തൊഴിലാളികളാണ് സംഭാവന ചെയ്യുന്നത്. കേരളത്തിൽ മാത്രം ഏകദേശം 30 ലക്ഷം കുടിയേറ്റ തൊഴിലാളികൾ ഉണ്ടായിരുന്നു എന്നാണ് സി

ഡിഎസിന്റെ ഒരു പഠനം കണ്ടെത്തിയത്. അപ്പോൾ ഇന്ത്യയിലാകെ, ബോംബെയിലും ഡൽഹിയിലും എല്ലാമായി എത്ര കുടിയേറ്റ തൊഴിലാളികൾ ഉണ്ടാവും എന്ന് ഊഹിക്കാം. അവരാണ് ഇന്ത്യയിലെ വീടുകളും ഫ്ളാറ്റുകളും നിർമിച്ചത്. അവരാണ് ഹോട്ടലുകളിൽ നമുക്കായി ഭക്ഷണം പാകം ചെയ്യതും വിതരണം ചെയ്യതും. അവരാണ് ഇന്ത്യയിലെ പെയിന്റർമാർ, ഫാക്ടറി ജോലിക്കാർ, എസ്റ്റേറ്റുകളിൽ പണിയെടുക്കുന്നവർ. നമുക്കു ചുറ്റും കണ്ണോടിച്ചാൽ നമുക്കു കാണാൻ കഴിയും ഇന്ത്യയിൽ ബഹുഭൂരിപക്ഷം കായിക ജോലികളും ചെയ്യുന്നത് കുടിയേറ്റ തൊഴിലാളികളാണ്. അവർക്ക് യാതൊരു ജോലി സുരക്ഷയുമില്ല. സുരക്ഷ പദ്ധതികളില്ല, ആരോഗ്യ സുരക്ഷക്കുള്ള പദ്ധതികളില്ല. കേരളത്തിൽ മാത്രമാണ് അവർക്കായി ചില സുരക്ഷാ സംവിധാനങ്ങളുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ അതില്ല.



ഈ നിസ്സഹായരായ കോടാനുകോടി തൊഴിലാളികൾ മാർച്ച് 24 ന് പ്രധാനമന്ത്രി മോഡി പൊടുന്നനവെ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ ജോലിയും കൂലിയും ഇല്ലാത്തവരായി മാറി. അവർക്ക് താമസസ്ഥലവും നഷ്ടമായി. മിക്കവരുടെയും കുടുംബങ്ങൾ വിദൂര നാടുകളിലും. ചിലർ കുടുംബത്തോടൊപ്പമാണ് ജോലി സ്ഥലങ്ങളിലേക്കെത്തിയത്. കേരളമൊഴിച്ച് മറ്റു മിക്ക സംസ്ഥാനങ്ങളും അവരുടെ താമസത്തിനോ ഭക്ഷണത്തിനോ യാതൊരു സൗകര്യവും ചെയ്യില്ല. പലയിടത്തും അവരെ താല്ക്കാലിക ഷെഡുകളിൽ നാൽകാലികളെ പോലെ താമസിപ്പിച്ചു. നിവൃത്തിയില്ലാതെ ലക്ഷക്കണക്കിനു പേർ ഹൈവേകളിലൂടെയും റെയിൽവെ ട്രാക്കുകളിലൂടെയും വനാന്തരങ്ങളിലൂടെയും എല്ലാം അവരവരുടെ നാടുകളിലേക്ക് പ്രയാണം ആരംഭിച്ചു. നടന്നും സൈക്കിളുകളിലും ഒക്കെയാണ് അവരുടെ യാത്ര. ഈ കുറിപ്പെഴുതുമ്പോഴും ആ യാത്ര തുടരുകയാണ്. അനേകം ജീവനുകൾ റോഡിലും റെയിൽവെ ട്രാക്കിലും പട്ടിണിമൂലവും പൊലിയുന്ന റിപ്പോർട്ടുകൾ ദൈനംദിനം വന്നുകൊണ്ടിരിക്കുകയാണ്. പോകുന്ന വഴിയിൽ അവർക്ക് പലപ്പോഴും പോലീസിന്റെ അതിക്രമങ്ങളും പീഡനങ്ങളും ഏല്ക്കേണ്ടിവരുന്നുണ്ട്.

ഈ വിഭാഗം തൊഴിലാളികൾക്കാണ് ഏറ്റവും അടിയന്തിരമായി സഹായം ആവശ്യമുണ്ടായിരുന്നത്. മാർച്ച് 24 ന് ലോക്ക്ഡൗൺ പ്രഖ്യാപിച്ച ശേഷം ഇടക്ക് പാത്രം കൊട്ട്, പുഷ്പവൃഷ്ടി ഒക്കെ നടത്തി. പക്ഷേ സഹായങ്ങളൊന്നും കാര്യമായി ആർക്കും നൽകിയില്ല. ഒന്നരമാസത്തിലധികം താമസിച്ച് പ്രഖ്യാപിച്ച സഹായപദ്ധതികളിൽ ഈ അഥിതി തൊഴിലാളികളുടെ യാത്രയെക്കുറിച്ചോ അവരെയെങ്ങനെ നാട്ടിലെത്തിക്കുമെന്നോ അവരുടെ ഭക്ഷണ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യുമെന്നോ ഒരു വാക്കു പോലും മിണ്ടിയില്ല എന്നതാണ് ഏറ്റവും വലിയ ക്രൂരത.

ഇതിനിടയിൽ അവർക്കായി ഏർപ്പെടുത്തിയ ശ്രമിക് സ്പെഷ്യൽ ട്രെയിനുകളിൽ യാത്ര ചെയ്യാൻ അവരിൽ നിന്നും ചാർജ് ഈടാക്കുന്നത് മറ്റൊരു ക്രൂര വിനോദം. ഭക്ഷണത്തിനായി ഒരു മാസത്തേക്ക് അനുവദിച്ചത് 5 കിലോ ധാന്യവും ഒരു കിലോ പയറും. മനുഷ്യത്വ രഹിതമായ സമീപനം എന്നെ പറയാൻ കഴിയൂ.

### വ്യവസായ മേഖല

വ്യവസായ മേഖലക്കായി പ്രഖ്യാപിച്ചത് പ്രധാനമായി എല്ലാറ്റിന്റെയും സ്വകാര്യവൽക്കരണം തന്നെ. സ്വകാര്യവല്ക്കരണവും കോവിഡ് 19 ദുരിതവും ആയി എന്താണ് ബന്ധം. സ്വകാര്യവൽക്കരണം ദുരിതത്തിലായ ചെറുകിട വ്യവസായങ്ങളെ സഹായിക്കുമോ. ലക്ഷ്യം ഒന്നു മാത്രമാണ്. കോവിഡ് ദുരിതം ലഘൂകരിക്കാൻ പ്രഖ്യാപിക്കുന്ന പാക്കേജിലൂടെ നവലിബറൽ നയങ്ങൾ അതിവേഗം നടപ്പാക്കുക, നാടനും വിദേശികളുമായ കുത്തകകൾക്ക് പണം കുന്നുകൂട്ടാൻ അവസരമൊരുക്കുക.

കോവിഡ് പൊട്ടിപുറപ്പെട്ടതു മൂലം വലിയ ദുരിത്തിലായ വ്യവസായ വിഭാഗം ചെറുകിട, ഇടത്തരം,



സൂക്ഷ്മ വ്യവസായങ്ങളാണ്. എന്നാൽ ഇവർക്കായി പ്രഖ്യാപിച്ച പദ്ധതികളെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയുടെ രൂപത്തിലാണ്. വായ്പക്ക് സർക്കാർ ഗാരന്റി നൽകുമെന്നാണ് പ്രഖ്യാപനം. എന്നാൽ ഇന്നത്തെ അന്തരീക്ഷത്തിൽ ബാങ്കുകളും നോൺ ബാങ്കിംഗ് ഫിനാൻസ് സ്ഥാപനങ്ങളും വായ്പ നൽകാൻ വിമുഖരാണ്. ചെറുകിട ഇടത്തരം സൂക്ഷ്മ (MSME) വ്യവസായങ്ങൾ നോട്ടു നിരോധനവും തെറ്റായ രീതിയിലുള്ള വളരെ പെട്ടെന്ന് തയാറെടുപ്പുകളില്ലാതെ നടപ്പാക്കിയ ജിഎസ്ടിയും മൂലം തകർച്ചയിലായിരുന്നു. അവരുടെ നേരത്തെയുള്ള വായ്പകൾ കിട്ടാക്കടങ്ങളായി കിടക്കുകയായിരുന്നു. ഇനിയും അവർക്ക് വായ്പ നൽകാൻ ബാങ്കുകൾ മടിക്കും.

സ്വയം പര്യാപ്തതയുടെ പേരിൽ അനിയന്ത്രിതമായി നേരിട്ടുള്ള വിദേശ നിക്ഷേപം (FDI) വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപം (FII) എല്ലാം അനുവദിക്കുകയാണ്. അതോടൊപ്പം ഇന്ത്യൻ കമ്പനികളെ വിദേശ ഓഹരിക്കമ്പോളത്തിൽ നിയന്ത്രണങ്ങളില്ലാതെ ലിസ്റ്റു ചെയ്യാനും അനുവദിക്കുകയാണ്. പല കേസുകളിലും വിദേശികൾ ഇന്ത്യൻ കമ്പനികളെ കയ്യടക്കിക്കൊണ്ടിരിക്കുകയാണ്. ഇത് യഥാർത്ഥത്തിൽ ഇന്ത്യയുടെ സ്വാശ്രയത്വം ഇല്ലാതാക്കും. ഈ നടപടികളോടൊപ്പം ഒരു മേഖലയിൽ ഒന്നു മുതൽ നാലുവരെ പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമെ അനുവദിക്കൂ എന്ന നയവും പ്രഖ്യാപിച്ചിരിക്കുകയാണ്. നിർണായകമായ ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും ഇല്ലാതാക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രതിരോധ മേഖലയിലെ 40 വെടിക്കോപ്പു നിർമാണ ഫാക്ടറികളിൽ പൊതു സ്വകാര്യ പങ്കാളിത്ത (PPP മോഡൽ) രീതിക്ക് നിർബന്ധം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഇതിൽ സ്വകാര്യമേഖലയുടെ പങ്കിന് യാതൊരു നിയന്ത്രണവുമില്ല. ആത്യന്തികമായി ഇവ സ്വകാര്യവൽക്കരിക്കപ്പെടും. അതെപോലെ കല്ക്കരി, വിമാനത്താവളങ്ങൾ, കേന്ദ്ര വൈദ്യുതി വിതരണ രംഗം, തുറമുഖങ്ങൾ, കപ്പൽ നിർമാണ കേന്ദ്രങ്ങൾ, റെയിൽവെ തുടങ്ങിയ എല്ലാ മേഖലകളിലും പൊതുമേഖലയെ ഇല്ലാതാക്കുന്ന നയമാണ് സ്വീകരിച്ചുവരുന്നത്. സ്വകാര്യ മേഖലയെ സഹായിക്കുന്ന തരത്തിൽ എല്ലാ മേഖലകളിലും പൊതുമേഖലയോട് ശത്രുതാപരമായ നയം സ്വീകരിച്ച് അവയെ തകർക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന പരിപാടികൾ രാജ്യത്തിന്റെ സാമ്പത്തിക രംഗത്തുനിന്ന് പൊതുമേഖലയെ ആകെ നിഷ്കാസനം ചെയ്യുന്ന തരത്തിലുള്ളതാണ്. ഇത് ആത്യന്തികമായി ഇന്ത്യയുടെയും ഇന്ത്യൻ ജനങ്ങളുടെയും താല്പര്യങ്ങൾ ഹനിക്കുന്നതും അന്തർദേശീയ ധനമൂലധനത്തെയും അതിന്റെ ജൂനിയർ പങ്കാളികളായ ഇന്ത്യൻ കുത്തകകളെ സഹായിക്കുന്നതുമായിരിക്കും.

കടം തിരിച്ചടക്കാത്തവർക്കെതിരെയുള്ള പാപ്പർ നടപടികൾ ലഘൂകരിച്ചും കുത്തകകൾക്കെതിരെയുള്ള ക്രിമിനൽ നടപടികൾ ലഘൂകരിച്ചും കുറ്റങ്ങളിൽ വെള്ളം ചേർത്തുകൊണ്ടും ധനമന്ത്രി വൻ കുത്തകകളോട് വളരെ ഉദാരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഇതെല്ലാം ചെറുകിട ഇടത്തരം വ്യവസായങ്ങളെ സഹായിക്കാനാണെന്നു പറഞ്ഞ് ജനങ്ങളെ വിഡ്ഢികളാക്കുകയാണ്.

എന്നാൽ വളരെ കുറച്ചു ചെറുകിട ഇടത്തരം വ്യവസായങ്ങളെയെ ഈ നടപടികൾ സഹായിക്കുകയുള്ളൂ. ചെറുകിട വ്യവസായങ്ങളുടെ അടിയന്തിര ആവശ്യം അവരുടെ നിലവിലുള്ള കടങ്ങൾ എഴുതിത്തള്ളലും തൊഴിലാളികൾക്ക് കൂലി കൊടുക്കാനുള്ള സഹായവുമാണ്. അതിനായി ഒരു നടപടിയും ഈ പ്രഖ്യാപനങ്ങളിലില്ല.




### കാർഷിക മേഖല

കാർഷിക മേഖലക്കായി പ്രഖ്യാപിച്ച നടപടികളൊന്നും സാധാരണ കൃഷിക്കാരെയും കാർഷിക തൊഴിലാളികളെയും സഹായിക്കുന്നവയല്ല. കുത്തകകള സഹായിക്കാനുള്ളത് കാർഷിക മേഖലയെ കരാർ കൃഷിക്കും കോർപറേറ്റുകൃഷിക്കുമായി തുറന്നിടാനുള്ളതാണ്. അവശ്യ വസ്തു നിയമ ഭേദഗതിയും കാർഷികോല്പന്ന വിപണന നിയമ ഭേദഗതിയും കരാർകൃഷി നടപ്പാക്കുന്നതിനുള്ള പുതിയ നിയമവും എല്ലാം ഈ വഴിക്കുള്ളതാണ്. ഇകൊമേഴ്സ് വിപണനവും വൻ കമ്പനികളെ സഹായിക്കും.കൃഷിക്കാരുടെ ഉല്പന്നങ്ങൾ ചൂഷണം ചെയ്യാൻ വൻകിടക്കാർക്കും പൂഴ്ത്തിവയ്പുകാർക്കും അവസരമാകും. നാട്ടിൽ ഭക്ഷ്യ വിലക്കയറ്റം തന്നെ ഇവർ സൃഷ്ടിക്കും. സാധാരണ ഉപഭോക്താക്കളെയും ഈ പുതിയ നയങ്ങൾ പ്രതികൂലമായി ബാധിക്കും. പാരിസ്ഥിതിക നിയമങ്ങൾ എളുപ്പത്തിൽ പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യാൻ പറ്റുന്ന തരത്തിൽ ഭേദഗതി വരുത്താൻ നീക്കങ്ങൾ നടക്കുകയാണ്. ഇത് പാരിസ്ഥിതിക സന്തുലനാവസ്ഥയെ തന്നെ തകിടം മറിക്കാം.

### ചെറുകിട വ്യാപാരികൾ

ഇന്ത്യയിൽ കോടാനുകോടി മനുഷ്യരും അവരുടെ കുടുംബങ്ങളും നിലനിൽപിനായി ആശ്രയിക്കുന്ന ഒരു മേഖലയാണ് ചെറുകിട വ്യാപാരം. അവർ ലോക്ഡോൺ കാലത്ത് വലിയ ദുരിതത്തിലും പട്ടിണിയിലുമായി. ചെറുകിട വ്യാപാരികൾ, പെട്ടിക്കടക്കാർ, ചെറുഹോട്ടലുകൾ ഇവരെ സഹായിക്കുന്ന ഒരു നടപടിയും പ്രഖ്യാപനത്തിലില്ല.

വഴിയോര കച്ചവടക്കാർക്കായി ഒരു വായ്പാപദ്ധതിയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അത് എത്രപേരെ സഹായിക്കുമെന്ന് കണ്ടറിയണം.ഉള്ള തൊഴിൽ നിയമങ്ങളാകെ തന്നെ ഇല്ലാതാക്കുന്ന നടപടികൾ ബിജെപിയും കോൺഗ്രസും ഭരിക്കുന്ന സംസ്ഥാനങ്ങൾ എടുത്തു വരികയായിരുന്നു. അതിനെ സഹായിക്കുന്ന നിലപാടാണ് ധനമന്ത്രി തന്റെ പ്രഖ്യാപനത്തിൽ എടുത്തത്. രാജ്യം മുഴുവൻ ഒറ്റക്കൂലി സംവിധാനം എന്നത് ഇപ്പോൾ തൊഴിലാളികൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന കൂലി പോലും കുറക്കാൻ ലക്ഷ്യമിട്ടാണ്. തൊഴിലാളികളുടെ സംഘടനാ സ്വാതന്ത്ര്യംതന്നെ ഇല്ലാതാക്കാനാണ് നീക്കം. ഈ നീക്കങ്ങൾക്കെതിരെ കേന്ദ്ര ട്രേഡ് യൂണിയനുകൾ ഐഎൽഒക്ക് പരാതി നൽകിയിരിക്കുകയാണ്. ഐഎൽഒ നേരത്തെ തന്നെ ഇന്ത്യയിലെ തൊഴിലാളി വിരുദ്ധ നടപടികളിൽ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. കേരള സർക്കാർ മാത്രമാണ് തൊഴിലാളികൾക്ക് അനുകൂലമായ ഒരു നിലപാട് ഇന്ത്യയിൽ തന്നെ സ്വീകരിച്ചിട്ടുള്ളത്.

### ഉപഭോഗം വർധിപ്പിക്കാൻ നടപടികളില്ല

ലോകമാകെ തന്നെ സർക്കാരുകൾ ഇക്കാലത്ത് സ്വീകരിച്ച സമീപനം ജനങ്ങളുടെ ഉപഭോഗ കഴിവ് വർധിപ്പിക്കാനാണ്. എന്നാൽ ഇന്ത്യയിലെ കേന്ദ്ര സർക്കാർ ഉത്പാദനം വർധിപ്പിക്കാൻ മാത്രമാണ് നടപടികൾ സ്വീകരിക്കുന്നത്. ഇത് ഇന്നത്തെ സ്ഥിതിയിൽ തല തിരിഞ്ഞ ഒരു സമീപനമാണ്. ഉപഭോഗം വർധിക്കാതെ ഉത്പാദനം വർധിപ്പിച്ചിട്ട് ഒരർത്ഥവുമില്ല. ഉത്പാദിപ്പിക്കുന്ന സാധനങ്ങൾ വാങ്ങാൻ ആളുണ്ടാവില്ല.

ചുരുക്കി പറഞ്ഞാൽ കോവിഡ് 19 പാക്കേജിലൂടെ ലോക്ക് ഡൗൺ കാലത്ത് ജനങ്ങളുടെ പ്രതിഷേധവും തൊഴിലാളി സമരങ്ങളും ജനാധിപത്യപരമായ ഇടപെടലുകളും ഒഴിവാക്കി ജനവിരുദ്ധ കോർപറേറ്റ് അനുകൂല നടപടികളെടുക്കാനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. നവോവിക്ലീനും മറ്റു പലരും പറഞ്ഞതുപോലെ ഒരു ദുരന്തകാല മുതലാളിത്തമാതൃകയാണ് ബിജെപി ഇക്കാലത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഏതു രൂപത്തിലും പ്രതികരിക്കുക എന്നതുമാത്രമാണ് മുന്നിലുള്ള മാർഗം. ■



# ഇന്ത്യയിൽ 32% ജീവനക്കാരും അവരുടെ വരുമാനത്തിൽ കുറവ്

- തൊഴിൽ ദാതാക്കളായ വ്യവസായങ്ങൾക്കും ഉദ്യോഗാർത്ഥികൾക്കും വേണ്ടിയുള്ള സോഷ്യൽ മീഡിയ നെറ്റ് വർക്കിങ് സ്ഥാപനമായ ലിങ്ക്ഡ്ഇൻ അവരുടെ ഒരു പഠനത്തിൽ (workforce confidence index) കണ്ടെത്തിയത് കോവിഡ് മൂലം 32% ജീവനക്കാരും അവരുടെ വരുമാനത്തിൽ കുറവ് വന്നതായി റിപ്പോർട്ട് ചെയ്യു എന്നാണ്.

- 45% പേർ അവരുടെ ചെലവുകൾ വെട്ടികുറയ്ക്കുകയും ചെയ്യു., 39% ഉയർന്ന ഉദ്യോഗസ്ഥരുടെയും വരുമാനത്തിൽ ഇടിവ് വന്നു, സ്വയം തൊഴിൽ ചെയ്യുന്ന പ്രൊഫഷണൽസിന്റെ സ്ഥിതിയാണ് ഏറ്റവും മോശമായത്, 62% പേർ അവരുടെ വരുമാനവും ബിസിനസും ഇടിഞ്ഞു, ഐടി, നിർമ്മാണം, മാധ്യമം (മീഡിയ) രംഗങ്ങളിലാണ് ജോലിസ്ഥിരതയിലുള്ള വിശ്വാസം ഏറ്റവും കൂടുതൽ നഷ്ടമായത്, ഉല്പാദന മേഖലയിൽ നാലിൽ ഒന്നും,

- ഐടി മേഖലയിൽ അഞ്ചിൽ ഒന്നും,മാധ്യമ മേഖലയിൽ അഞ്ചിൽ രണ്ടുപേരും അതാത് രംഗങ്ങളുടെ സമീപ ഭാവി ഇരുളടഞ്ഞതായിരിക്കുമെന്നും ജോലിസ്ഥിരത നഷ്ടമാകാൻ സാധ്യതയുണ്ടെന്നും കരുതുന്നു.

- ആരോഗ്യം, വിദ്യാഭ്യാസം, മനുഷ്യ വിഭവ ശേഷി തുടങ്ങിയ മേഖലകൾ പുരോഗതി കൈവരിക്കുമെന്നാണ് പൊതുവേ കരുതപ്പെടുന്നത്.

**സമീപ ഭാവിയിൽ തൊഴിലവസരങ്ങൾ വളരെയധികം കുറയുമെന്നും ലിങ്ക്ഡ്ഇൻ പഠനം പറയുന്നു.**

## അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം 1979 റദ്ദു ചെയ്യരുത് : സിഐടിയു.

അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം 1979 (Regulation Of Employment And Conditions Of Service) റദ്ദു ചെയ്യാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുകയായിരുന്നു. എന്നാൽ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അത് റദ്ദ് ചെയ്യുകയല്ല, കൂടുതൽ ശക്തമാക്കുകയാണ് വേണ്ടതെന്ന് സിഐടിയു പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ പറഞ്ഞു.

നാല്പത് ദിവസം നീണ്ട ലോക്ഡൗണിൽ സംഘടിതവും അസംഘടിതവുമായ മേഖലകളിൽ ജോലി ചെയ്തിരുന്ന കോടി കണക്കായ കുടിയേറ്റ തൊഴിലാളികൾ ചിന്തിക്കാൻ കഴിയാത്തത്ര ദുരിതവും വേദനയുമാണ് അനുഭവിക്കുന്നത്.

- കുടിയേറ്റ തൊഴിലാളികൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് വലിയ സംഭാവന നൽകുന്ന വിഭാഗമാണ്.
- ഈ ലോക്ക്ഡൗൺ കാലത്ത് അവർക്ക് ജോലിയും കൂലിയും നഷ്ടപ്പെട്ടു, എന്ന് മാത്രമല്ല താമസ സ്ഥലങ്ങൾ പോലും നഷ്ടമായി തെരുവിലായി.
- അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിന്റെ പരിരക്ഷ പോലും അവർക്ക് ലഭ്യമാക്കാൻ അധികാരപ്പെട്ടവർ ശ്രമിക്കുന്നില്ല.
- തൊഴിൽ മന്ത്രാലയത്തിന്റെയും ആഭ്യന്തര മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.
- സർക്കാർ പ്രഖ്യാപിച്ച ആശ്വാസ നടപടികൾ 10% കുടിയേറ്റ തൊഴിലാളികൾക്ക് പോലും ലഭ്യമാകുന്നില്ല.
- കോവിഡ് 19 ഒരു ജീവ ശാസ്ത്രപരമായ ദുരന്തമാണെങ്കിൽ രാജ്യത്തെ കുടിയേറ്റ തൊഴിലാളികൾ അനുഭവിക്കുന്നത് മനുഷ്യ നിർമിതമായ ദുരിതമാണ്. ഈ സ്ഥിതിയിൽ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം പുതിയ Occupation Safety Health & Working Condition Code 19 ൽ ലയിപ്പിച്ച് ഇല്ലാതാക്കുന്നത് വലിയ ദുരന്തംസൃഷ്ടിക്കും.

- 1979 ലെ നിയമം പരിമിതമായ തോതിലെങ്കിലും കുടിയേറ്റ തൊഴിലാളികൾക്ക് പരിരക്ഷ നൽകുന്നുണ്ട്.
- ഈ നിയമം തുടക്കം മുതൽ തന്നെ ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നത് മറ്റൊരു വിഷയം.
- 2019ലെ പുതിയ കോഡ് പേരിന് പോലും കുടിയേറ്റ തൊഴിലാളികൾക്ക് സുരക്ഷ നൽകുന്നില്ല.
- അവരുടെ രജിസ്ട്രേഷൻ, കൂലി തുടങ്ങിയവ സംബന്ധിച്ചൊന്നും പുതിയ കോഡിലില്ല.
- ഈ ഒരു സാഹചര്യത്തിൽ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം റദ്ദ് ചെയ്യരുതെന്ന് സിഐടിയു കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

## കോവിഡ് 19 പ്രതിസന്ധി ഏറ്റവും രൂക്ഷമായി ബാധിക്കുന്നത് സ്ത്രീകളെ.

കോവിഡ് 19ന്റെ സാമ്പത്തികവും സാമൂഹികവുമായ ആഘാതങ്ങൾ ഏറ്റവും കൂടുതൽ ഏറ്റുവാങ്ങേണ്ടി വരുന്നത് സ്ത്രീകളായിരിക്കുമെന്ന് ദേശീയവും അന്തർ ദേശീയവുമായ പല ഏജൻസികളുടെയും പഠനങ്ങൾ കണ്ടെത്തി.

സ്വകാര്യ മേഖലയിൽ വ്യാപകമായ പിരിച്ചുവിടലും വേതനം കുറയ്ക്കലും നടക്കുകയാണ്.തൊഴിലവസരങ്ങളും വളരെയധികം കുറയുകയാണ്. മറ്റു വിദ്യാഭ്യാസ യോഗ്യതയുള്ളവരിൽ ഈ വ്യത്യാസം പ്രകടമാണ്.

2018ൽ ഐ.എൽ.ഒ നടത്തിയ ഒരു പഠനത്തിലും ഇന്ത്യയിൽ എല്ലാ വിഭാഗങ്ങളിലും എല്ലാ മേഖലയിലും സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ കുറഞ്ഞ വേതനമാണ് ലഭിക്കുന്നതെന്ന് കണ്ടെത്തുകയുണ്ടായി. വേതനത്തിലെ സ്ത്രീ പുരുഷ അസമത്വം ഏറ്റവും കുറവ് ഏറ്റവും ഉയർന്ന ശ്രേണിയിലുള്ള



ജോലികൾക്കാണ്.

സ്ത്രീകൾ ഏറ്റവും കൂടുതൽ പണിയെടുക്കുന്നത് വൈദഗ്ധ്യം കുറഞ്ഞ തൊഴിലുകളിലാണ്. വൈദഗ്ധ്യം കുറഞ്ഞ തൊഴിലിൽ 67% സ്ത്രീകളാണ് പണിയെടുക്കുന്നത്.

എന്നാൽ അവർക്ക് ലഭിക്കുന്ന വേതനം പുരുഷന്മാരുടെ വേതനത്തിന്റെ 69% മാത്രമാണ്.

ഇന്ത്യയിൽ 39 ലക്ഷത്തോളം പേർ വീടുകളിലെ പണികളിലാണ് ഏർപ്പെട്ടിരിക്കുന്നത്.അതിൽ 26 ലക്ഷം സ്ത്രീകളും 13 ലക്ഷം പുരുഷന്മാരുമാണ്. ■

ഇതെല്ലാം സ്ത്രീകളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ വാർഷിക തൊഴിൽ സർവ്വെ (Anual Periodic Labor Force Survey-PLFS) 201718 കണ്ടെത്തിയത് ബിരുദധാരികളായ ഗ്രാമീണ സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് 32.7%,നഗര പ്രദേശങ്ങളിലെ സ്ത്രീകളുടേത് 24.4% എന്നിങ്ങനെയാണെന്നാണ്.

എന്നാൽ പുരുഷന്മാരിൽ ഇത് യഥാക്രമം 18.1% ഉം 11.7%ഉം ആണ്.



# ലോകമാകെ മെയ്ദിനം ആചരിച്ചു

എല്ലാ വർഷത്തെയും പോലെ വലിയ റാലികളും സമ്മേളനങ്ങളും ഇല്ലായിരുന്നുവെങ്കിലും വിവിധ രാജ്യങ്ങളിലെ പ്രധാന നഗരങ്ങളിലെല്ലാം മെയ്ദിനം സമുചിതമായി ആചരിക്കുകയുണ്ടായി.

മാസ്കുകൾ ധരിച്ചും, സാമൂഹിക അകലം പാലിച്ചും, ചെങ്കൊടികളും ബാനറുകളും പ്ലക്കാർഡുകളുമേന്തി തൊഴിലാളികൾ നാനാ പ്രദേശങ്ങളിൽ അണിനിരന്നു.

ഫ്രാൻസിൽ റാലികളും പൊതുപരിപാടികളും ഒഴിവാക്കി തെരുവുകളും വീടുകളും അലങ്കരിച്ചാണ് തൊഴിലാളികൾ കൊറോണയുടെ പശ്ചാത്തലത്തിൽ മെയ്ദിനം ആചരിച്ചത്.

ഗ്രീസിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തൊഴിലാളി സംഘടനയായ ഓൾ വർക്കേഴ്സ് മിലിറ്റന്റ് ഫ്രണ്ടിന്റെ നേതൃത്വത്തിൽ മെയ്ദിന റാലികൾ സംഘടിപ്പിച്ചു. കൃത്യമായ സാമൂഹിക അകലം പാലിച്ചുകൊണ്ടായിരുന്നു ആയിരങ്ങൾ അണിനിരന്നത്.

ഗ്രീസിലെ ഏതൻസിൽ നൂറു കണക്കിനുപേർ ചുവപ്പും വെള്ളയും പാതകകളേന്തി കൃത്യമായ അകലം പാലിച്ചുകൊണ്ട് റാലി സംഘടിപ്പിച്ചു.

റഷ്യയിലെ റെഡ് സ്ക്വയറിൽ പതിവായി നടത്താറുള്ള വൻ മെയ്ദിന റാലി ഇത്തവണ നടന്നില്ല,രണ്ടാം ലോക മഹായുദ്ധത്തിന്റെ വിജയാഘോഷം റദ്ദാക്കിയതിന് പുറമെയാണ് റഷ്യയിൽ മെയ്ദിന റാലികളും റദ്ദാക്കിയത്.

ലബനിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ തലസ്ഥാനമായ ബെയ്റൂത്തിൽ റാലികൾ സംഘടിപ്പിച്ചു.

തുർക്കിയിൽ തലസ്ഥാനമായ ഇസ്താംബുളിൽ തൊഴിലാളികൾ സംഘടിപ്പിച്ച മെയ്ദിന റാലി പോലീസ് തടയുകയും 15ലേറെ പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. തുർക്കിയിലെ തൊഴിലാളി സംഘടനകൾ പ്രതീകാത്മകമായി കാണുന്ന ടാക്സിം സ്ക്വയറിൽ നടന്ന തൊഴിലാളി സംഘടനകളുടെ സംയുക്ത മാർച്ചാണ് പോലീസ് തടഞ്ഞത്.

ക്യൂബയിൽ തൊഴിലാളികൾ കെട്ടിടങ്ങളിലും വീടുകളിലും പാതകകളും ബാനറുകളും ഉയർത്തിയാണ് ഇത്തവണ മെയ്ദിനം ആചരിച്ചത്.

ജർമനിയിൽ പതിവിന് വിപരീതമായി വൻ റാലികൾ ഒഴിവാക്കി ചെറു സംഘങ്ങളായാണ് ഇത്തവണ മെയ്ദിനം ആചരിച്ചത്. ഇത്തരത്തിൽ നിരവധി റാലികൾ നടന്നു.ബർലിനിൽ നടന്ന റാലി പോലീസ് ബാരിക്കേഡുകൾ ഉപയോഗിച്ച് തടഞ്ഞു.

സ്പെയിനിൽ വിവിധയിടങ്ങളിൽ നടന്ന മെയ്ദിന റാലികളിൽ നിരവധിപ്പേർ പങ്കെടുത്തു. ബാഴ്സലോണയിലാണ് ഇത്തവണ കൂടുതൽ റാലികൾ സംഘടിപ്പിച്ചത്.

ഏറ്റവും കൂടുതൽ മരണം വിതച്ച ഇറ്റലിയിലും ഇത്തവണ മെയ്ദിനം സമുചിതമായി ആചരിച്ചു.

മാസ്കുകളും മറ്റു ആരോഗ്യ നിർദ്ദേശങ്ങളും പാലിച്ച് ഒറ്റയ്ക്ക് നിന്നുകൊണ്ട് കൊടികളും പ്ലക്കാർഡുകളും ഉയർത്തിയാണ് തൊഴിലാളികൾ മെയ്ദിനം ആചരിച്ചത്. ഇറ്റലിയിൽ ഏറ്റവും വലിയ മെയ്ദിന റാലികൾ നടക്കാറുള്ള റോമിലെ ചത്വരത്തിൽ ഇത്തവണ

വൻ റാലികൾ റദ്ദാക്കുകയും പകരം ചത്വരത്തിന്റെ വിളക്ക് കാലിൽ തൊഴിലാളികൾ ചുവന്ന റിബണുകൾ കെട്ടുകയും ചെയ്തു.

പാകിസ്ഥാനിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ സാമൂഹിക അകലം പാലിച്ചുകൊണ്ട് ബാനറുകൾ ഉയർത്തി തൊഴിലാളികൾ മെയ്ദിനം ആചരിച്ചു.

ഓസ്ട്രിയയിൽ സാമൂഹിക അകലം പാലിച്ചു കൊണ്ട് തൊഴിലാളികൾ ചെങ്കൊടികളും ബാനറുകളുമേന്തി ഇത്തവണ മെയ്ദിന റാലികൾ സംഘടിപ്പിച്ചു.

സാമൂഹിക അകലം പാലിക്കുവാൻ നിലത്ത് വലിയ വളയങ്ങളും അടയാളങ്ങളും രേഖപ്പെടുത്തിയാണ് തൊഴിലാളികൾ ഒത്തുകൂടിയത്.

ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും അനേകം കേന്ദ്രങ്ങളിൽ സിഐടിയുവിന്റെ ആഹ്വാനം അനുസരിച്ച് മെയ്ദിനം ആചരിച്ചു.

കോവിഡിന്റെ പശ്ചാത്തലത്തിൽ 80ലേറെ രാജ്യങ്ങളിലും ഇത്തവണ കൃത്യമായ പ്രോട്ടോക്കോൾ അനുസരിച്ചുകൊണ്ട് തൊഴിലാളികൾ മെയ്ദിനം ആചരിച്ചു.

ലോകത്തെ ഒരു സോഷ്യലിസ്റ്റ് ക്രമത്തിനു മാത്രമേ മനുഷ്യരാശി നേരിടുന്ന നാനാവിധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയൂ എന്ന് കോവിഡ് 19 വ്യക്തമാക്കിയ അവസരത്തിലാണ് മെയ്ദിനാഘോഷം നടന്നതെന്ന പ്രത്യേകത ഈ വർഷമുണ്ട്.

## കോവിഡ് 19 ഈ വർഷം പാസാവുന്ന ബിരുദ ധാരികൾക്കും,ബിരുദാനന്ത ബിരുദധാരികൾക്കും സമ്മാനിക്കുന്നത് പ്രതീക്ഷയില്ലാത്ത ഭാവി.

### ഇന്ത്യയിലെ തൊഴിലില്ലായ്മ 40 വർഷത്തെ ഏറ്റവും ഉയർന്ന നിലയിൽ നിൽക്കുമ്പോഴാണ് കോവിഡ് 19 പൊട്ടിപ്പുറപ്പെട്ടത്.

- ഒരു വർഷം ഇന്ത്യയിൽ പുതിയതായി 85 ലക്ഷത്തോളം ബിരുദധാരികളും,ബിരുദാനന്ത ബിരുദധാരികളും കലാലയങ്ങളിൽ നിന്നും പുറത്തിറങ്ങുന്നുണ്ട്.
- 70 ലക്ഷത്തോളം ബിരുദധാരികളും,15 ലക്ഷത്തോളം പേർ ബിരുദാനന്ത ബിരുദധാരികളുമാണ്.
- ഇവരിൽ ഡോക്ടർ, എഞ്ചിനീയർമാർ, നിയമ ബിരുദക്കാർ, മാനേജ്മെന്റ്, ബിസിനസ്സ് ബിരുദധാരികൾ എല്ലാം പെടും.
- ഇവർക്ക് മിക്കവർക്കും ഈ വർഷം ജോലി ലഭിക്കാനുള്ള സാധ്യതയില്ലെന്നാണ് ടീംലീസ്, കരിയർ പോയിന്റ് തുടങ്ങിയ റിക്രൂട്ട്മെന്റ് രംഗത്ത് പ്രവർത്തിക്കുന്ന കമ്പനികൾ പറയുന്നത്.
- മിക്കവാറും യൂണിവേഴ്സിറ്റികൾ പരീക്ഷകൾ മാറ്റിവച്ചിരിക്കുന്നതിനാൽ ഈ വർഷം ഡിഗ്രി ലഭിക്കാൻ തന്നെ താമസിക്കും.
- മിക്കവാറും കമ്പനികളും സ്ഥാപനങ്ങളും അവരുടെ നിലനില്പിനായി തന്നെ ബുദ്ധിമുട്ടുകയാണ്.
- പല കമ്പനികളും അവരുടെ ഉള്ള ജോലിക്കാരെയും തൊഴിലാളികളെയും പറഞ്ഞുവിടുന്ന സ്ഥിതിയിലാണ്. അപ്പോൾ പിന്നെ പുതുതായി ജീവനക്കാരെ എടുക്കുന്നത് അവർ ചിന്തിക്കുക പോലുമില്ല.
- കോവിഡ് പ്രതിസന്ധി നീണ്ടു നിന്നാൽ അടുത്ത വർഷം പുറത്തിറങ്ങുന്ന ഇത്രയും തന്നെ എണ്ണം ബിരുദ, ബിരുദാനന്തധാരികളും പ്രതീക്ഷകൾ പൂവാണിയില്ല.
- പുതിയ ജോലിക്കായി എന്തെങ്കിലും പ്രതീക്ഷയ്ക്ക് വകയുള്ളത് ഐടി, ആരോഗ്യം, ഇകൊമേഴ്സ്, ഓൺലൈൻ വിദ്യഭ്യാസം തുടങ്ങിയ മേഖലകളിൽ മാത്രമാണെന്നാണ് റിക്രൂട്ട്മെന്റ് മേഖലയിൽ പ്രവർത്തിക്കുന്നവരുടെ അഭിപ്രായം.

# പ്രതിപക്ഷത്തിന് കേന്ദ്രസർക്കാരിന്റെ ആരോഗ്യ സേതു ആപ്പിനെ കുറിച്ച് ഒന്നും പറയാനില്ലേ?

കോവിഡ് 19 രോഗികളെ നിരീക്ഷിക്കാനും, പിന്തുടരാനും കേന്ദ്രസർക്കാർ ഏപ്രിൽ 2ന് പുറത്തിറക്കിയ ഒരു സ്മാർട്ട് ഫോൺ ആപ്ലിക്കേഷനാണ് ആരോഗ്യ സേതു.

Aarogya Setu

मैं सुरक्षित | हम सुरक्षित | भारत सुरक्षित

ഇന്ത്യയിലെ 11 ഭാഷകളിൽ ഇപ്പോൾ ലഭ്യമാണ്, ഇപ്പോൾ ഈ ആപ്ലിക്കേഷൻ പിഎം കെയേഴ്സിലേക്ക് സംഭാവന നൽകാനും അവശ്യ സർവീസുകാർക്ക് ഇ പാസ്സ് കൊടുക്കാനുമുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

കോവിഡ് 19 പോസിറ്റീവ് ആയ ഒരാൾ അടുത്തു വന്നാൽ സമീപത്തിരിക്കുന്ന ആളിന്റെ ഫോണിലെ അപ്പ് വാണിംഗ് നൽകും, അതിനായി ബ്ലൂടൂത്തും ജിപിഎസും ആണ് ഉപയോഗിക്കുന്നത്, ആരോഗ്യ സേതു ആപ്പ് ഒരാളുടെ ഫോണിൽ രജിസ്റ്റർ ചെയ്യുമ്പോൾ അയാളുടെ വ്യക്തി വിവരങ്ങൾ മുഴുവൻ നൽകണം. ഇത് സർക്കാർ സെർവറുകളിലേക്ക്



അപ് ലോഡ് ചെയ്യപ്പെടുന്നു.

ഈ ആപ്ലിക്കേഷന്റെ നിയമ സാധുതയും, സാങ്കേതികമായ പഴുതുകളും ഡാറ്റ സുരക്ഷിതത്വവും സംബന്ധിച്ച അനേകം സംശയങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ആരോഗ്യ സേതു ആപ്പ് ഒരു സ്ഥിരമായ ഡിജിറ്റൽ നമ്പർ നൽകിയാണ് ആൾക്കാരെ തിരിച്ചറിയുന്നത്.

ആ രീതി സുരക്ഷിതമല്ല എന്നാണ് വിദഗ്ധരുടെ അഭിപ്രായം.

ഡാറ്റ സുരക്ഷയും സ്വകാര്യതയും സംബന്ധിച്ച് ഇന്ത്യയിൽ ഇന്നും വ്യക്തമായ യാതൊരു നിയമവുമില്ല.വ്യക്തമായ ഒരു നിയമത്തിന്റെ പിന്തുണയില്ലാതെയാണ് ആരോഗ്യ സേതു നടപ്പാക്കിയിരിക്കുന്നത്.

ഇന്റർനെറ്റ് ഫ്രീഡം ഫൗണ്ടേഷനും, സോഫ്റ്റ് വെയർ ഫ്രീഡം ലോ സെന്ററിന്റെയും അഭിപ്രായത്തിൽ ആരോഗ്യ സേതു ആപ്ലിക്കേഷന്റെ പ്രവർത്തനം സുതാര്യമല്ല.

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ സർക്കാരുകൾ ലോകമാകെയുള്ള ജനങ്ങളെ നിരീക്ഷിക്കാനും അവരുടെ വ്യവഹാരങ്ങളെയും യാത്രയെയും ചലനത്തെയും നിയന്ത്രിക്കാനും പല സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

പല സർക്കാരുകളും ഇത് ദുരുപയോഗം ചെയ്യുന്നുണ്ട്.

ആരോഗ്യ സേതു ആപ്ലിക്കേഷൻ ഇത്തരത്തിൽ പെട്ട ഒരു സംവിധാനമാണോ എന്ന സംശയം ഉയർന്നു വന്നിട്ടുണ്ട്.

സ്പ്രിംഗ്ളർ വിഷയത്തിൽ നിരന്തരം ഇടപെടുന്ന രമേശ് ചെന്നിത്തലയും, പ്രതിപക്ഷവും എന്തുകൊണ്ടാണ് ആരോഗ്യ സേതുവിന്റെ ഡാറ്റ സുരക്ഷയും സ്വകാര്യതയും സംബന്ധിച്ചു ചോദ്യങ്ങൾ ഉന്നയിക്കാത്തത് എന്ന് ന്യായമായ സംശയം ഉയരുന്നുണ്ട്.



# WFTU 75ാം വാർഷികത്തിൽ ഉയർത്തുന്ന മുദ്രാവാക്യം 'ആഴ്ചയിൽ 35 മണിക്കൂർ ജോലി '

പ്രിയ സഹപ്രവർത്തകരേ,
WFTU ( World Federation Of Trade Unions)െ അതിന്റെ 75 വർഷത്തെ പ്രവർത്തനകാലത്ത് തൊഴിലാളികളുടെ താല്പര്യം മുൻനിർത്തി വിപ്ലവകരമായതും മൗലികവുമായ ആവശ്യങ്ങൾ ഉന്നയിക്കുന്നതിൽ മുൻപന്തിയിലുണ്ടായിരുന്നു.



WFTU 75 വർഷം പൂർത്തിയാക്കുന്ന ചരിത്രപരമായ ഈ ഘട്ടത്തിൽ,

ആഴ്ചയിൽ 35 മണിക്കൂർ ജോലി എന്ന മുദ്രാവാക്യമുയർത്തി ആഗോള തലത്തിൽ തന്നെ പൊരുതാൻ തീരുമാനിച്ചിരിക്കുകയാണ്.

ഉല്പാദന പ്രക്രിയയിൽ ഇന്ന് ആധുനിക സാങ്കേതിക വിദ്യകളും ശാസ്ത്രീയമായ പുതിയ കണ്ടുപിടിത്തങ്ങളും പ്രയോഗിച്ച് തൊഴിലാളികളുടെ ഉല്പാദനക്ഷമത വളരെയധികം വർദ്ധിപ്പിച്ചിട്ടുണ്ട്.

എന്നാൽ ഇതിന്റെ ഗുണഫലമാകെ മുതലാളിമാർ കയ്യടക്കുകയാണ്.

എന്നാൽ WFTU വിശ്വസിക്കുന്നത് ഇതിന്റെ ഗുണഫലങ്ങൾ ഈ ഭൂഗോളത്തിലുള്ള എല്ലാ തൊഴിലാളികളുടെയും ജീവിത സാഹചര്യം മെച്ചപ്പെടുത്താനും ഉപയോഗിക്കണമെന്നാണ്.

നാം കുറഞ്ഞ സമയം കൂടുതൽ നല്ല വേതനത്തോടെ പണിയെടുത്തുകൊണ്ട് സാംസ്കാരികപരവും,മനുഷ്യത്വ പരവും, പരിസ്ഥിതി സൗഹൃദപരവുമായ രീതി പ്രോത്സാഹിപ്പിക്കണം.

35 മണിക്കൂർ ജോലിക്കായുള്ള ആവശ്യവും അതിനായുള്ള സമരവും യാദാർഥ്യവൽക്കരിക്കാൻ കഴിയുന്ന ഒന്നാണ്.

ആഴ്ചയിൽ 35 മണിക്കൂർ ജോലി എന്ന മുദ്രാവാക്യം ഈ വർഷത്തെ മെയ് ദിനത്തിൽ, തൊഴിലാളികളുടെ അന്തർദേശീയ ദിനത്തിൽ ലോകമാകെ പ്രതിധ്വനിക്കട്ടെ.ഒത്തൊരുമിച്ചാൽ നമുക്കത് നേടാൻ കഴിയും

## കോവിഡ് 19 മൂലം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് ഡെന്മാർക്ക്, നെതർലന്റ് തുടങ്ങിയ രാജ്യങ്ങൾ 100 % വേതനവും,

**ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങൾ 80% വേതനവും നൽകുമ്പോൾ ഇന്ത്യയിലെ കേന്ദ്ര സർക്കാർ നൽകുന്നത് 0%.**

**കുടിയേറ്റ തൊഴിലാളികളെ ഭക്ഷണം പോലും നൽകാതെ പട്ടിണിക്കിട്ട് മരിക്കാൻ വിടുന്നു, 40 കോടിയിലധികം വരുന്ന അസംഘടിത തൊഴിലാളികൾ ജീവിക്കാൻ പോലും വകയില്ലാതെ തെരുവിലലയുന്നു.**

- ഡെന്മാർക്ക് : 100%
- നെതർലന്റ് : 100%
- നോർവ്വേ : 80100%
- സ്വീഡൻ :92.596%
- സ്വിറ്റ്സർലന്റ്: 80%
- ഇറ്റലി :80%
- യു.കെ : 80%
- സ്ലോവെനിയ :80%
- ബെൽജിയം :70%
- ഫ്രാൻസ് :70%
- പോർച്ചുഗൽ :66.6 %

നെറ്റ് ബപേ ചെയ്യുന്ന രാജ്യങ്ങൾ

- അയർലന്റ് :100%
- ഫ്രാൻസ് : 84%
- ഓസ്ട്രിയ :8090%
- സ്പെയിൻ :70%
- ജർമ്മനി : 6067%

**കോവിഡ് 19 മഹാമാരിയെ നേരിടാൻ ഇറ്റലി ജി.ഡി.പിയുടെ 50%, ജപ്പാൻ 20%,യു.എസ് 9% എന്നിങ്ങനെ ഏപ്രിൽ 2 വരെ ചിലവഴിച്ചപ്പോൾ ഇന്ത്യ വകയിരുത്തിയത് 0.7 % മാത്രം.**

**നികുതി ആനുകൂല്യങ്ങൾ, വായ്പ, ശമ്പള സബ്സിഡി തുടങ്ങി ഒട്ടേറെ പദ്ധതികളാണ് വിവിധ രാജ്യങ്ങൾ നടപ്പാക്കിയത്.ഇന്ത്യയിലെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ പ്രസംഗത്തിൽ മാത്രമാണ്,പ്രവർത്തനത്തിലല്ല.**
**ഈ സ്ഥിതിയിലാണ് സി.ഐ.ടി.യു**
**'പ്രസംഗമല്ല പ്രവർത്തനമാണ് വേണ്ടത്,**
**തൊഴിലാളി വിരുദ്ധ നയങ്ങൾ ഉപേക്ഷിക്കുക'**
**എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തി പ്രക്ഷോഭം നടത്തികൊണ്ടിരിക്കുന്നത്.**

## രാജ്യങ്ങളും വകയിരുത്തിയ തുകയും, ജിഡിപിയുടെ ശതമാനവും ക്രമത്തിൽ.

- ഇന്ത്യ 2290 കോടി ഡോളർ 0.7 %
- ഇറ്റലി 81750 കോടി ഡോളർ 50 %
- ജർമ്മനി 81400 കോടി ഡോളർ 5 %
- യു.എസ് 220000 കോടി ഡോളർ 9 %
- ഫ്രാൻസ് 4905 കോടി ഡോളർ 2 %
- ഇന്തോനേഷ്യ 2636 കോടി ഡോളർ 2.5 %
- ജപ്പാൻ 99000 കോടി ഡോളർ 20 %
- ന്യൂസിലാൻഡ് 730 കോടി ഡോളർ 4 %
- മലേഷ്യ 6180 കോടി ഡോളർ 17 %
- ഓസ്ട്രേലിയ 51940 കോടി ഡോളർ 3.5 %
- സ്പെയിൻ 22000 കോടി ഡോളർ 20 %
- സിംഗപ്പൂർ 4200 കോടി ഡോളർ 12 %
- ദക്ഷിണ കൊറിയ 4600 കോടി ഡോളർ 1 %
- യുകെ 8190 കോടി ഡോളർ 5 %

# ഈ വർഷം ലോക ഭൗമദിനത്തിന്റെ 50-ാം വാർഷികം

കാലാവസ്ഥ വ്യതിയാനം മനുഷ്യരാശിയുടെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുന്ന ഒരു വിഷയമായി ഇന്ന് മാറികഴിഞ്ഞു.

അനേകം ജീവജാലങ്ങൾ ഭൂമിയിൽ നിന്നും അപ്രത്യക്ഷമായി കഴിഞ്ഞു. കോവിഡ് 19 പോലുള്ള സൂക്ഷ്മ ജീവികൾ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഉയർന്നു കൊണ്ടിരിക്കുന്ന സമുദ്ര ജലനിരപ്പും, ആവർത്തിച്ച് വന്നുകൊണ്ടിരിക്കുന്ന വെള്ളപ്പൊക്കങ്ങളും പല പ്രദേശത്തും പടർന്നുപിടിക്കുന്ന കാട്ടുതീയും കാലാവസ്ഥ വ്യതിയാനത്തിന്റെ ചില സൂചനകൾ മാത്രമാണ്.

എന്നാൽ കമ്പോളത്തിനും ലാഭത്തിനും മാത്രം മുൻഗണന നൽകുന്ന മുതലാളിത്തത്തിന് ഭൂഗോളവും മനുഷ്യരുൾപ്പെടെയുള്ള അതിലെ ജീവജാലങ്ങൾ നേരിടുന്ന അതീവ ഗുരുതരമായ ഈ പ്രശ്നം കൈകാര്യം ചെയ്യാൻ കഴിയില്ലയെന്ന് അധികമധികം വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. മുതലാളിത്തം ഈ പ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കുകയേയുള്ളൂ.



കോവിഡ് 19 മഹാമാരിയെ നേരിടുന്നതിലും മുതലാളിത്തം അമ്പേ പരാജയപ്പെട്ടുവെന്ന് ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും വരുന്ന റിപ്പോർട്ടുകൾ തെളിയിക്കുന്നു.

കോവിഡ് 19 ലോകമാകെ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഈ വർഷത്തെ ഭൗമദിനം മനുഷ്യരാശി നേരിട്ടുകൊണ്ടിരിക്കുന്ന കാലാവസ്ഥ വ്യതിയാനമെന്ന വൻ വെല്ലുവിളിയെ പുതിയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഒരു സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥയുടെ പോരാട്ടത്തിന് കരുത്തേക്കാം.

**'പ്രസംഗമല്ല,പ്രവർത്തനമാണ് വേണ്ടത്', 'തൊഴിലാളി വിരുദ്ധ നയങ്ങൾ ഉപേക്ഷിക്കുക'**

എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തി സിഐടിയു,കിസാൻ സഭ, മഹിളാ അസോസിയേഷൻ, ഡിവൈഎഫ്ഐ എന്നീ സംഘടനകൾ ആഹ്വാനം ചെയ്ത അഖിലേന്ത്യാ പ്രതിഷേധ ദിനത്തിൽ തൊഴിലാളികൾ കൃത്യമായി ലോക്ക് ഡൗൺ നിയമങ്ങൾ പാലിച്ചുകൊണ്ട് പൊതുവിടങ്ങളിലും വീടുകളിലുമായി പ്രതിഷേധ ദിനം ആചരിച്ചു.■

# കേരളത്തിന്റെ കോവിഡ് 19 പ്രതിരോധം വികസിത രാജ്യങ്ങളെ നാണം കെടുത്തുന്നു

**ബ്രിട്ടീഷ് സാമ്പത്തിക ശാസ്ത്രജ്ഞൻ.**

ഗോൾഡ് സ്മിത്ത് യൂണിവേഴ്സിറ്റി ഓഫ് ലണ്ടനിലെ സാമ്പത്തിക ആന്ത്രോപോളജിസ്റ്റ് ശാസ്ത്രജ്ഞനായ ജാസൺ ഹിക്കൽ പറയുന്നത് കേരളം കോവിഡ് 19 എന്ന മഹാമാരിയെ കൈകാര്യം ചെയ്ത രീതി ഒന്നാം ലോകത്തെ (വികസിത രാജ്യങ്ങളായ അമേരിക്ക, യൂറോപ്പിലെ രാജ്യങ്ങൾ) നാണം കെടുത്തുന്നു എന്നാണ്.

കേരളത്തിന്റെ കോവിഡ് പ്രതിരോധം മനുഷ്യത്വപരവും കരുതലോടു കൂടിയതും വിജയകരവുമാണ് എന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ മരിച്ചത് 2പേർ മാത്രമാണ്.പുതിയ കേസുകൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത് സാധിക്കുന്നത് സാമൂഹികമായ വ്യാപക പരിശോധനയിലൂടെയാണ്.മൂലധനത്തിന്റെ താത്പര്യം നോക്കാതെ മനുഷ്യന്റെ താത്പര്യം നോക്കുന്ന ഒരു സാമൂഹിക സംവിധാനം ആയതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്.

ജാസൺ ഹിക്കൽ റോയൽ സൊസൈറ്റി ഓഫ് ആർട്സിലെ ആർട്സ് ഫെലോയും, ഹ്യൂമൻ ഡെവലപ്പ്മെന്റ് റിപ്പോർട്ട് 2020ന്റെ സ്റ്റാറ്റിസ്റ്റിക്കൽ പാനൽ അംഗവും, ദി ഡിവൈഡ് തുടങ്ങി വിവിധ ഗ്രന്ഥങ്ങളുടെ കർത്താവുമാണ്.



## കോവിഡ് പ്രതിരോധം, കേരളം മോഡലിനെ പ്രശംസിച്ച് എം.ഐ.ടി. ടെക്നോളജി റിവ്യൂയിൽ ലേഖനം പ്രസിദ്ധീകരിച്ചു.

- 'കോവിഡിനെതിരായ പോരാട്ടത്തിൽ ലോകം കേരളത്തിൽ നിന്നും എന്ത് പഠിക്കണം'
- എന്ന പേരിൽ ലോക പ്രശസ്ത ഗവേഷണ സർവകലാശാല മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എംഐടി)യുടെ
- പ്രസിദ്ധീകരണമായ എംഐടി ടെക്നോളജി റിവ്യൂവിലാണ് കേരളത്തിന്റെ പ്രതിരോധ മികവിനെ പ്രശംസിച്ചുകൊണ്ടുള്ള ലേഖനം പ്രസിദ്ധീകരിച്ചത്
- എഴുത്തുകാരിയും പത്രപ്രവർത്തകയുമായ സോണിയ ഫലേരിയോയുടേതാണ് ലേഖനം.
- ഇതിന് മുൻപ് അന്താരാഷ്ട്ര മാധ്യമമായ മാധ്യമമായ വാഷിങ്ടൺ പോസ്റ്റിലും ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു.

സമ്പൂർണമായും സ്വകാര്യവൽക്കരിക്കപ്പെട്ട, ലാഭത്താൽമാത്രം നടത്തപ്പെടുന്ന അമേരിക്കയുടെ ആരോഗ്യസംവിധാനങ്ങൾ ഒരു അന്താരാഷ്ട്ര ഗൂഢാലോചനയുടെ ഉൽപ്പന്നമാണ്. ഇവിടെ പ്രതിശീർഷ ചെലവ് മറ്റ് വികസിത സമൂഹങ്ങളുടെ രണ്ടിരട്ടിയിൽ അധികമാണ്, ഗുണത്തിൽ പിറകിലും. യാതൊരു കരുതൽ ശേഷിയും ഇല്ലാത്ത ഈ സംവിധാനം ഒരു ചെറിയ പ്രതിസന്ധിയെപ്പോലും അതിജീവിക്കാൻ അപര്യാപ്തമായിരിക്കുന്നു. നവ ഉദാരവൽക്കരണം സൃഷ്ടിച്ചെടുത്ത ആഗോള സാമ്പത്തിക വ്യവസ്ഥപോലെതന്നെയാണിത്. ഏതുനിമിഷവും ശിഥിലമാകാവുന്ന ഒന്ന്.

ട്രംപ് കൈപ്പറ്റിയ ഒസ്യത്ത് ഇതായിരുന്നു. നവഉദാരവൽക്കരണത്താൽ ഇനിയും തകർക്കപ്പെടാത്ത സ്ഥാപനങ്ങളെക്കൂടി ഇല്ലാതാക്കുകയാണ് ട്രംപ് ലക്ഷ്യംവച്ചത്. ഈ തകർന്നടിഞ്ഞ അവശിഷ്ടങ്ങളിൽനിന്ന് സുസ്ഥിരമായ ഒരു സമൂഹത്തെ പുനഃസൃഷ്ടിക്കുന്നതിനെക്കുറിച്ച് ആശങ്കപ്പെടുന്നവരോട് പറയാനുള്ളത് ഇതാണ്

**'സാധാരണ നിലയിലേക്ക് തിരിച്ചുപോകുക നമുക്കിനി സാധ്യമല്ല. കാരണം, ആ പഴയ സാധാരണനിലതന്നെയാണ് യഥാർഥപ്രശ്നം.'**

നോംചോംസ്കി

**കൊറോണ മഹാമാരിയുടെ ദുരിതം ഏറ്റവും കൂടുതൽ അനുഭവിക്കുന്ന രാജ്യമായ അമേരിക്കയ്ക്ക് 450000 സുരക്ഷാ വസ്ത്രങ്ങളാണ് കോവിഡ് ചികിത്സകർക്കായി വിയറ്റ്നാം കയറ്റിയയച്ചത്.രണ്ട് ഘട്ടമായാണ് അവശ്യമായ സുരക്ഷാ കിറ്റുകൾ വിയറ്റ്നാം എന്ന സോഷ്യലിസ്റ്റ് രാജ്യം അമേരിക്കയ്ക്ക് നൽകുന്നത്. കോവിഡ് പ്രതിരോധത്തിനായി പോരാടുന്ന ആരോഗ്യ പ്രവർത്തകരെ സഹായിക്കാനായാണ് അവശ്യ വസ്തുക്കൾ എത്തിച്ച് നൽകിയതെന്ന് വിയറ്റ്നാം വ്യക്തമാക്കി.വിയറ്റ്നാമിൽ 258 കോവിഡ് കേസുകൾ മാത്രമാണ് നിലവിൽ സ്ഥിരീകരിച്ചിട്ടുള്ളത്.**

# മുതലാളിത്തം അതിന്റെ തനിനിറം പുറത്തെടുത്തിരിക്കുന്നു കൊറോണ മഹാമാരിക്കിടയിൽ

കേന്ദ്ര സർക്കാരിനെ കൂട്ടുപിടിച്ച്, തൊഴിലാളിയുടെ അധ്വാനത്തെ വിറ്റ് പരമാവധി ലാഭം നേടാനുള്ള ശ്രമത്തിലാണ്.

ദക്ഷിണേന്ത്യൻ മുതലാളിമാരുടെ സംഘടന സർക്കാർ മുമ്പാകെ അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചിരിക്കുകയാണ്.നിലവിലെ 8 മണിക്കൂർ ജോലിയുടെ സ്ഥാനത്ത് 12 മണിക്കൂർ ജോലി, ക്ഷാമബത്ത പുന:പരിശോധന ഒഴിവാക്കുക, തൊഴിൽ നിയമ ലംഘനങ്ങൾക്കെതിരായുള്ള മിനിമം ശിക്ഷാ നടപടികളിൽ നിന്നും പോലും ഒഴിവാക്കുക തുടങ്ങിയവയാണ് ഇവരുടെ ആവശ്യങ്ങൾ.

അതോടൊപ്പം തന്നെ മുതലാളിമാരുടെ നിർദ്ദേശാനുസരണം തൊഴിൽ നിയമങ്ങൾ അവർക്ക് അനുകൂലമായി കോഡുകളാക്കാനുള്ള തിരക്കിലാണ് കേന്ദ്ര സർക്കാർ.

മുതലാളിത്തവും കേന്ദ്ര സർക്കാരും ചേർന്നുള്ള ഈ അവിശുദ്ധ കൂട്ടുകെട്ട് ഒരു പകൽക്കൊള്ള നടത്തുകയാണ്.

സർവ തൊഴിൽ നിയമങ്ങളും മുതലാളിത്തത്തിന്, യഥേഷ്ടം തട്ടിക്കളിക്കാവുന്ന തരത്തിൽ മാറ്റിയെഴുതുകയാണ്.എല്ലാ തൊഴിൽ നിയമലംഘനങ്ങളും നിയമവിധേയമാകുന്ന വിധത്തിൽ കാര്യങ്ങൾ എത്തിയിരിക്കുന്നു.

അധ്വാന വർഗത്തിന്റെ ശത്രു, ജനങ്ങളുടെയും ശത്രുവാണ്.

ഭരണ വർഗവും കുത്തകകളും ചേർന്നുള്ള ഈ നിഷ്ഠൂരമായ ചൂതാട്ടത്തിനെ തുറന്നു കാട്ടുക,

തൊഴിലാളികളേ .. ഐക്യപ്പെടുക ,പോരാടുക

**തപൻ സെൻ**






# തൊഴിൽ നിയമഭേദഗതി നിയമങ്ങൾക്കെതിരെ പ്രതിഷേധം

